# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 28** **April 2014** **No1**

# എഡിറ്റോറിയൽ

സാമൂഹ്യസേവനങ്ങൾ ഇന്ന് ലോകത്ത് ധാരാളം നടക്കുന്നുണ്ട്. അത് നല്ലതാണെന്ന കാര്യത്തിൽ തർക്കമൊന്നുമില്ല. കാരണം അസന്തുലിതാവസ്ഥ എല്ലാ സമൂഹത്തിലും കാണപ്പെടുന്നു. അത് മനുഷ്യർ ദൈവനിയമങ്ങളെ പാലിക്കാതിരിക്കുന്നതിനാൽ സംഭവിച്ചതാണ്. അത് ഒഴിവാക്കുവാൻ മനുഷ്യർ തന്നെ വിചാരിക്കണം. എന്നാൽ നൂറു നന്മകൾ ചെയ്തിട്ട് ഒരു തിന്മ ചെയ്താൽ നന്മയുടെ പ്രഭാവമെല്ലാം മങ്ങി പോകും. മനുഷ്യരാരും തികവുള്ളവരല്ല എന്നത് നാം അംഗീകരിക്കണം. പക്ഷെ നാം എന്തിനുവേണ്ടി നിലകൊള്ളുന്നു എന്ന് നമ്മുടെ പ്രവൃത്തികളാണ് തെളിയിക്കുന്നത്. മനുഷ്യരുടെ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റണം എന്ന കാര്യത്തിൽ എല്ലാവരും യോജിക്കും. പക്ഷെ മതത്തിന്റെ പേരിൽ, വിശ്വാസത്തിന്റെ പേരിൽ ചെയ്യുന്ന തെറ്റുകൾ നാം അവഗണിക്കുവാൻ പാടില്ല. ആളുകൾ അന്ധമായി നേതാക്കളെ വിശ്വസിക്കുന്ന പ്രവണത നമുക്ക് സമൂഹത്തിൽ കാണുവാൻ കഴിയും.

ഉപകാരപ്രദമായ പല നല്ല കാര്യങ്ങൾ ചെയ്യുന്ന ധാരാളം ആളുകളെ സമൂഹത്തിൽ അറിയപ്പെടുന്നത് നല്ലവരായിട്ടാണ്. പക്ഷെ ദൈവവചനപ്രകാരം നോക്കുമ്പോൾ ആരും നല്ലവരായിട്ടില്ല. (റോമർ. 3:9, 10). മനുഷ്യരുടെ മുൻപാകെ ഇവർ മാന്യതയുള്ളവരായി അറിയപ്പെട്ടേക്കാം. പക്ഷെ നമ്മെ അന്തിമമായി വിലയിരുത്തേണ്ടത് ദൈവമാണ്. കാരണം ദൈവം നമ്മുടെ സൃഷ്ടികർത്താവാണ്. ദൈവനീതിക്കുള്ള മാനദണ്ഡവും മാനുഷിക നീതിക്കുള്ള മാനദണ്ഡവും രണ്ടും രണ്ടാണ്. ദൈവഹിതം വെളിപ്പെടുത്തിയിരിക്കുന്ന യഥാർത്ഥ സത്യം നമ്മുടെ ജീവിതത്തിൽ ഉണ്ടായിരിക്കണം. അതായത് നമ്മുടെ ജീവിതം സത്യസന്ധമാ

യിരിക്കണം എന്നർത്ഥം. തിരുവെഴുത്തു പ്രകാരം ജീവിക്കുന്നവരുടെ സൽപ്രവൃത്തിയും അല്ലാത്തവരുടെ സൽപ്രവൃത്തിയും വ്യത്യസ്തമാണെന്ന് നമുക്ക് ധൈര്യമായി പറയാം. കാരണം വിശ്വാസമില്ലാത്ത പ്രവൃത്തി അപൂർണ്ണമാണ്. പ്രവൃത്തിയില്ലാത്ത വിശ്വാസവും വിശ്വാസമില്ലാത്ത പ്രവൃത്തിയും ദൈവത്തിനു സ്വീകാര്യമല്ല.

ദൈവം നമ്മെ നീതീകരിക്കുന്നത് അവന്റെ ഇഷ്ടപ്രകാരമാണ്. സാധാരണക്കാരനും അറിയപ്പെടുന്ന ആൾക്കും ദൈവത്തിന്റെ നിയമം ഒന്നു തന്നെയാണ്. സമൂഹത്തിൽ എല്ലാവരും തുല്യരായി കാണപ്പെടുവാൻ ദൈവം ആഗ്രഹിക്കുന്നു. പക്ഷെ ആളുകളുടെ സ്വാർത്ഥത അതിനു തടസമായി നിൽക്കുന്നു. ഭൗതികമായ ക്ഷേമത്തേക്കാൾ തുല്യതയാണ് പഴയനിയമത്തിലും പുതിയനിയമത്തിലും ദൈവം പ്രതീക്ഷിക്കുന്നത്. അതിനേക്കാൾ ഉപരിയായി ആത്മാവിന്റെ രക്ഷയാണ് മുഖ്യമായിട്ടുള്ളത്. ഉയർത്തെഴുന്നേറ്റ യേശു നൽകിയ കൽപന അതിനു വേണ്ടിയായിരുന്നു. ഒന്നാം നൂറ്റാണ്ടിലെ അപ്പൊസ്തലന്മാരും പ്രവാചകന്മാരും തങ്ങൾക്ക് ലഭിച്ച കൽപന പ്രകാരമാണ് അവർ പ്രവർത്തിച്ചത്. അതുകൊണ്ട് കർത്താവിന്റെ സഭ വളർന്നു വ്യാപിച്ചു. ദൈവരാജ്യത്തിന്റെ ഉദ്ദേശം പാപികളെ പാപത്തിൽനിന്നു മോചിപ്പിക്കുകയും രാജ്യത്തിൽ പ്രവേശിപ്പിക്കുകയുമാണ്. ഭൗതികമായ സംഘടനയേക്കാൾ ആത്മീകമായ കൂട്ടായ്മയാണ് ആളുകൾക്ക് ആത്മിയമായ സ്വാതന്ത്ര്യത്തിന് വഴി ഒരുക്കുന്നത്.

ക്രിസ്തുവിന്റെ വഴി ആണ് ആളുകൾക്ക് നടക്കുവാൻ ദൈവം വെച്ചിരിക്കുന്നത്. നിങ്ങളും ഞാനും പാപത്തിനും ജഡത്തിനും വിധേയരാകാതിരിക്കുന്നതിനും നാം ആത്മാവ് ലഭിക്കുന്നതിനു വചനം അനുസരിക്കുകയും പിന്നെ നാം വചനത്തിൽ തന്നെ നിലനിൽക്കുകയും വേണം. ദൈവം വിശ്വസ്തത പ്രതീക്ഷിക്കുന്നു. ഒരു ദൈവപൈതൽ ദൈവേഷ്ടത്തിന് കീഴ്പ്പെട്ട് ആത്മാവിനെ അനുസരിച്ച് ജീവിക്കുമ്പോൾ സകല അനുഗ്രഹങ്ങളും നമുക്ക് നൽകും. കർത്താവിന്റെ സഭയിലാണ് സകല ആത്മികാനുഗ്രഹങ്ങളും ഉള്ളത്. അതുകൊണ്ട് നിങ്ങൾ കർത്താവിന്റെ സഭയിൽ പ്രവേശിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ ഇന്നു തന്നെ അതിനു ക്രിസ്തുവിൽ പൂർണ്ണമായി വിശ്വസിച്ച്, പാപങ്ങളിൽനിന്നു തിരിഞ്ഞ്, ക്രിസ്തു ദൈവപുത്രനാണെന്ന് വിശ്വസിച്ച് പാപമോചനത്തിനായി പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ സ്നാനമേൽക്കുകയും ചെയ്യുമ്പോൾ കർത്താവ് രക്ഷിച്ച് അവന്റെ സഭയോട് ചേർക്കും.

★

# ദൈവജനത്തിന്റെ ഐക്യത

## *ജെ.* സി. ചോട്ട്

ഐക്യതയുടെ പ്രാധാന്യം ഭൗതിക ലോകം തിരിച്ചറിഞ്ഞിട്ടുണ്ട്. ആത്മീകമായി അതിനുള്ള ഫലം വളരെ സ്പഷ്ടമായി ദൈവം തന്റെ വെളിപ്പെടുത്തിയ സന്ദേശത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എല്ലാ കാലത്തും ദൈവത്തിനു ഒരു ജനം ഉണ്ട്. ദൈവം തിരഞ്ഞെടുക്കുന്നവരാണ് അവർ. ഈ ലോകവും കാലവും ഉള്ള കാലത്തോളം ദൈവം അതു തുടരും. അത്തരം ആളുകൾ ദൈവത്തിന്റെ ഉദ്ദേശം നിറവേറ്റുവാനില്ലെങ്കിൽ പിന്നെ ലോകത്തിന്റെ തന്നെ ആവശ്യമില്ല. കാരണം ദൈവം ഒരു ഉദ്ദേശത്തോടെയാണ് ലോകത്തെയും മനുഷ്യരെയും ഉണ്ടാക്കിയത്. ദൈവജനമാണ് ദൈവത്തെ പ്രതിനിധാനം ചെയ്യുന്നത്. നല്ലതും ശരിയുമായ കാര്യങ്ങൾ ലോകത്തിൽ പ്രവർത്തിക്കുവാനാണ് ദൈവം അവരെ തിരഞ്ഞെടുക്കുന്നത്. അവരാണ് ലോകത്തിനു വെളിച്ചവും പ്രത്യാശവും പകരുന്നത്. ജനസംഖ്യ ഓരോ ദിവസവും വർദ്ധിച്ചു കൊണ്ടിരിക്കുന്നു എന്നാൽ ഭൂമിയുടെ വിസ്തൃതി കൂടുന്നില്ല. ദൈവാനുഗ്രഹത്താലാണ് ജനങ്ങൾ പെരുകുന്നത്.

തന്റെ ജനങ്ങളിൽ നിന്നു ദൈവം എപ്പോഴും പ്രതീക്ഷിക്കുന്നത് അനുസരണമാണ്. അതിൽ മുഖ്യമായി ആവശ്യപ്പെടുന്നതു ഐക്യതയാണ്. അതായത് പരസ്പരം ഉള്ള യോജിപ്പ് ആണ് വേണ്ടത്. എന്താണ് ഒരുമിച്ചു ആയിരിക്കുക എന്നാൽ? ഐകമത്യം മഹാബലം എന്നു കേട്ടിരിക്കുമല്ലോ, അതു വളരെ ശരിയാണ്. ദൈവജനങ്ങൾ ഒരുമിച്ചു കൂടുന്നതും ഐകമത്യപ്പെടുന്നതും വലിയ കാര്യമാണ്. ഒരുമ അല്ലെങ്കിൽ യോജിപ്പു ഉണ്ടെങ്കിൽ നമുക്കു ശക്തി പകരും, ധൈര്യവും പകരും. ഒരാൾ തന്നെ ആകുമ്പോൾ ഭയം ഉണ്ടാകും, മറിച്ചു മറ്റൊരാൾ കൂടെ ഉണ്ടെങ്കിൽ അതു നമുക്കു ധൈര്യം പകരും. ദൈവത്തെ പ്രതിനിധാനം ചെയ്യുന്നവർ മറ്റുള്ളവരെ നന്മക്കായി സ്വാധീനിക്കേണ്ടവരാണ്. അതുകൊണ്ടാണ് ദൈവം തന്റെ ജനം ഒന്നായി കാണാൻ ആഗ്രഹിക്കുന്നത്. അതു എങ്ങനെ സാധ്യമാകും എന്നു ദൈവം വെളിപ്പെടുത്തിയ സത്യത്തിൽ നിന്നു നമുക്കു തിരി

ച്ചറിയാം.

അതേ സമയം ദൈവം ഭിന്നത വെറുക്കുന്നു. ശലോമോൻ പറയുന്നു, "ആറുകാര്യം യഹോവ വെറുക്കുന്നു; ഏഴുകാര്യം അവന്നു അറപ്പാകുന്നു, ഗർവ്വമുള്ള കണ്ണും വ്യജമുള്ള നാവും കുറ്റമില്ലാത്ത രക്തം ചൊരിയുന്ന കയ്യും ദുരുപായം നിരൂപിക്കുന്ന ഹൃദയവും ദോഷത്തിനു ബന്ധപ്പെട്ടു ഓടുന്ന കാലും ഭോഷ്ക്കു പറയുന്ന കള്ള സാക്ഷിയും സഹോദരന്മാരുടെ ഇടയിൽ വഴക്കുണ്ടാക്കുന്നവനും തന്നേ" (സദൃശവാക്യങ്ങൾ 6:16-19). യേശു ഭൂതത്തെ പുറത്താക്കിയപ്പോൾ, ഭൂതത്തെക്കൊണ്ടാണ് അങ്ങനെ ചെയ്തതെന്നു അവനെ കുറ്റപ്പെടുത്തിയപ്പോൾ അവൻ പറഞ്ഞു, "ഒരു രാജ്യം തന്നിൽ തന്നേ ഛിദ്രിച്ചു എങ്കിൽ ശൂന്യമാകും ഒരു പട്ടണമോ ഗൃഹമോ തന്നിൽ തന്നേ ഛിദ്രിച്ചുപോയാലൊ; പിന്നെ അവന്റെ രാജ്യം എങ്ങനെ നില നിൽക്കും?" (മത്തായി 12:25, 26) പൗലൊസ് ക്രിസ്ത്യാനികളെ പ്രബോധിപ്പിച്ചു പറഞ്ഞു.

"സഹോദരന്മാരേ, നിങ്ങൾ പഠിച്ച ഉപദേശത്തിനു വിപരീതമായ ദ്വന്ദ്വപക്ഷങ്ങളെയും ഇടർച്ചകളെയും ഉണ്ടാക്കുന്നവരെ സൂക്ഷിച്ചുകൊള്ളേണമെന്നു ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു. അവരോടു അകന്നു മാറുവിൻ. ഇങ്ങനെയുള്ളവർ നമ്മുടെ കർത്താവായ ക്രിസ്തുവിനെ അല്ല, തങ്ങളുടെ വയറ്റിനെയത്രേ സേവിക്കയും ചക്കരവാക്കും മുഖസ്തുതിയും പറഞ്ഞു സാധുക്കളുടെ ഹൃദയങ്ങളെ വഞ്ചിച്ചുകളയുകയും ചെയ്യുന്നു"(റോമർ 16:17,18). ഈ വാകൃങ്ങളിലെല്ലാം ഭിന്നതകൾ അഥവാ യോജിപ്പില്ലായ്മ ദൈവേഷ്ടമല്ല എന്നാണ് വ്യക്തമാക്കുന്നത്. വിഭാഗീയത ബലം ഇല്ലാതാക്കും. അതു നിലനിൽപിനുതന്നെ ഭീഷണിയാണ്. മനുഷ്യർ ദൈവഹിതത്തിനെതിരായ ഈ നീക്കം പ്രാവർത്തികമാക്കിക്കൊണ്ടിരിക്കയാണ്. ദൈവത്തിനെതിരായി പ്രവർത്തിക്കുന്നവർ പിശാചിനു അനുകൂലമായി പ്രവർത്തിക്കുന്നവരാണ്.

ഇന്നു മതപരമായ ലോകം വിഭജിക്കപ്പെട്ടിരിക്കുന്നതായി നമുക്കു കാണാം. ദൈവത്തെ പ്രതിനിധാനം ചെയ്യുന്നു എന്നും യേശുക്രിസ്തുവിൽ വിശ്വസിക്കുന്നു എന്നും അവകാശപ്പെടുന്നവരിലും ഭിന്നതകൾ കാണുന്നുണ്ട്. അവർ അന്യോന്യം എതിർക്കുകയും ചെയ്യുന്നുണ്ട്. സംഘടനകളിലും, പള്ളികളിലും, സമുദായങ്ങളിലും വിശ്വാ

സികൾ ധാരാളമുണ്ട്. അവർ പ്രസംഗിക്കുന്നത് വിഭിന്നമായി,അവർ ആരാധിക്കുന്നത് വ്യത്യസ്തമായി, വ്യത്യസ്ത പ്രവൃത്തികളിലുമാണ് ഏർപ്പെടുന്നത്... എന്നാൽ ദൈവം വിഭജിക്കപ്പെട്ടിട്ടില്ല, ദൈവ ജനവും വിഭജിക്കപ്പെട്ടിട്ടില്ല. ഇന്നു മതരപമായ ആളുകളിൽ ഭൂരിഭാഗവും ചെയ്യുന്നത്. അവർ മനുഷ്യരുടെ ഉപദേശങ്ങൾ അനുസരിച്ചാണ് ആരാധിക്കുന്നത്. അവരുടെ മതാദ്ധ്യക്ഷന്മാരുടെ നിർദ്ദേശങ്ങളും സമുദായത്തിന്റെ പൊതുവിലുള്ള അഭിപ്രായവും അവർ കാര്യമായെടുക്കുന്നു. ഇതെത്ര ഖേദകരമാണെന്നു ചിന്തിക്കുക. സത്യ ദൈവത്തെയും അവന്റെ വചനത്തെയും ത്യജിയ്ക്കുകയാണ് അവർ. അതു നിമിത്തം ആളുകൾ കലക്കത്തിലാണ്. ആരാണ് യഥാർത്ഥത്തിൽ ദൈവത്തെ പ്രതിനിധാനം ചെയ്യുന്നത്? ആരാണ് അല്ലാത്തത് എന്ന് തിരിച്ചറിയുവാൻ അവർക്കു കഴിയുന്നില്ല. പിശാചാണ് മനുഷ്യരുടെ മനസ്സിനെ അന്ധതയിൽ കലക്കിയിട്ടിരിക്കുന്നത്. അവർ ചെയ്യേണ്ടത്, സത്യ ദൈവത്തിന്റെ വചനം ബൈബിളിൽ നിന്നു വായിച്ചു ദൈവത്തെക്കുറിച്ചും, അവന്റെ ജനത്തെക്കുറിച്ചും അവരുടെ പ്രവൃത്തിയെക്കുറിച്ചും അറിയുവാൻ ശ്രമിക്കണം.

ലോകത്തിൽ ഭിന്നതയാണ് കാണുന്നതെങ്കിൽ, ദൈവവചനം ഊന്നൽ നൽകുന്നതു സമാധാനത്തിനും ഐക്യതക്കുമാണ്. കൊരിന്ത്യയിലെ ക്രിസ്ത്യാനികൾക്കു ലേഖനം എഴുതുമ്പോൾ പൗലൊസ് പറഞ്ഞു, “സഹോദരന്മാരേ, നിങ്ങൾ എല്ലാവരും ഒന്നു തന്നേ സംസാരിക്കയും നിങ്ങളുടെ ഇടയിൽ ഭിന്നത ഭാവിക്കാതെ ഏകമനസ്സിലും ഏകാഭിപ്രായത്തിലും യോജിച്ചിരിക്കയും വേണം എന്നു ഞാൻ നിങ്ങളെ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമം ചൊല്ലി പ്രബോധിപ്പിക്കുന്നു” (1കൊരിന്ത്യർ 1:10). യേശു ഭൂമിയിൽ ആയിരുന്നപ്പോൾ അപ്പോസ്തലന്മാർക്കും അപ്പോസ്തലന്മാരുടെ ഉപദേശം കേട്ടു യേശുവിൽ വിശ്വസിപ്പാനിരിക്കുന്നവർക്കും വേണ്ടി പ്രാർത്ഥിക്കുന്നുണ്ട്, “ഇവർക്കു വേണ്ടി മാത്രമല്ല, ഇവരുടെ വചനത്താൽ എന്നിൽ വിശ്വസിപ്പാനിരിക്കുന്നവർക്കു വേണ്ടിയും ഞാൻ അപേക്ഷിക്കുന്നു. നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിപ്പാൻ അവർ എല്ലാവരും ഒന്നാകേണ്ടതിനു പിതാവേ നീ എന്നിലും ഞാൻ നിന്നിലും ആകുന്നതു പോലെ അവരും നമ്മിൽ ആകേണ്ടതിനു തന്നേ. നീ എനിക്കു തന്നിട്ടുള്ള മഹത്വം ഞാൻ അവർക്കു

കൊടുത്തിരിക്കുന്നു. നീ എന്നെ അയച്ചിരിക്കുന്നു എന്നും നീ എന്നെ സ്നേഹിച്ചതുപോലെ അവരേയും സ്നേഹിക്കുന്നു എന്നും ലോകം അറിവാൻ, നാം ഒന്നായിരിക്കുന്നതു പോലെ അവരും ഒന്നാകേണ്ട തിനു ഞാൻ അവരിലും നീ എന്നിലുമായി അവർ ഐക്യത്തിൽ തികഞ്ഞവർ ആയിരിക്കേണ്ടതിനു തന്നേ" (യോഹന്നാൻ 17:20-24).

നാമെല്ലാം ഒന്നാകേണ്ടതിനാണ് കർത്താവും പ്രാർത്ഥിച്ചതെ ന്നോർക്കുക. നാം വാസ്തവത്തിൽ ഒന്നാണോ? കർത്താവിന്റെ പ്രാർത്ഥനെക്കു ഫലമുണ്ടാകുവാൻ സഹായകരമായി നാം എന്തു ചെയ്യുന്നുണ്ട്? നാം ചെയ്യുന്ന എല്ലാ പരസ്യ പ്രസംഗങ്ങളേക്കാളും അവിശ്വാസികളെ വിശ്വസിപ്പിക്കുവാൻ ദൈവജനം ഒന്നായി ത്തീർന്നാൽ മതിയാകും. നാം പ്രസംഗിക്കുന്നതു പരിശോധിക്കുന്ന തിനേക്കാൾ വലുതല്ല മറ്റൊന്നും. എഫെസ്യർ 4:1-6 വരെ അപ്പൊ സ്തലനായ പൗലൊസ് എഴുതി, "കർത്തൃസേവ നിമിത്തം ബദ്ധനാ യിരിക്കുന്ന ഞാൻ പ്രബോധിപ്പിക്കുന്നതു, നിങ്ങളെ വിളിച്ചിരിക്കുന്ന വിളിക്കു യോഗ്യമാംവണ്ണം പൂർണ്ണ വിനയത്തോടും സൗമ്യതയോടും ദീർഘക്ഷമയോടും കൂടെ നടക്കയും സ്നേഹത്തിൽ അന്യോന്യം പൊറുക്കയും ആത്മാവിന്റെ ഐക്യത സമാധാന ബന്ധത്തിൽ കാപ്പാൻ ശ്രമിക്കയും ചെയ്വിൻ. നിങ്ങളെ വിളിച്ചപ്പോൾ ഏക പ്രത്യാ ശക്കായി നിങ്ങളെ വിളിച്ചതുപോലെ ശരീരം ഒന്നു, ആത്മാവു ഒന്നു, കർത്താവു ഒരുവാൻ, വിശ്വാസം ഒന്നു, സ്നാനം ഒന്നു, എല്ലാ വർക്കും മീതെയുള്ളവനും എല്ലാവരിലും കൂടെ വ്യാപരിക്കുന്നവനും എല്ലാവരിലും ഇരിക്കുന്നവനുമായി എല്ലാവർക്കും ദൈവവും പിതാ വുമായവൻ ഒരുവാൻ". ദൈവവും, ആത്മാവും, ക്രിസ്തുവും ഒന്നാണ് എന്നു പറഞ്ഞിരിക്കുന്നു. എന്നാൽ ഇവിടെ നാം ഊന്നൽ നൽകിയിരിക്കുന്നതു ശരീരം ഒന്ന് എന്നതിനാണ്. കാരണം ശരീരം സഭയാണ്, സഭ ദൈവ ജനത്തെ പ്രതിനിധീകരിക്കുന്നു, ദൈവജനം ദൈവത്തെ പ്രതിനിധീകരിക്കുന്നു.

ഏകശരീരം എന്നു പറഞ്ഞിരിക്കുന്നതു സഭയെക്കുറിച്ചാണ്. ശരീരം സഭയാണെന്നു പൗലൊസ് തന്നെ പറഞ്ഞിട്ടുണ്ട്. ക്രിസ്തു ശരീരമാകുന്ന സഭയുടെ തലയാകുന്നു. യേശു ആരംഭവും മരിച്ച വരിൽ നിന്നു ആദ്യജാതനും ആകുന്നു. അവൻ സകലത്തിലും മുമ്പനും ആകുന്നു (കൊലൊസ്യർ 1:18). ശരീരം ഒന്നാണെങ്കിൽ,

ആ ശരീരം സഭയാണെങ്കിൽ, അതു ഒന്നാണ്. എന്നാൽ ആ ഒരു സഭ ഏതാണ്? ക്രിസ്തു പണിയുമെന്നു വാഗ്ദാനം ചെയ്ത സഭയാണത് (മത്തായി 16:18). ഏ. ഡി. 33 ൽ യെരുശലേമിൽ പെന്തെക്കൊസ്തുനാളിൽ ആരംഭിച്ച സഭ (പ്രവൃത്തികൾ 2), ക്രിസ്തു മരിച്ചതും, രക്ഷകൻ ആയിരിക്കുന്നതും വീണ്ടും അവൻ വരുന്നതും ആ ഏക സഭക്കു വേണ്ടിയാണ് (എഫെസ്യർ 5). ക്രിസ്തുവിന്റെ നാമം ധരിച്ചിരിക്കുന്ന സഭയും അതാണ് (റോമർ 16:16; 1കൊരിന്ത്യർ 12:27), അതിലെ അംഗങ്ങളെ ക്രിസ്ത്യാനികൾ എന്നാണ് അറിയപ്പെടുന്നത് (പ്രവൃത്തികൾ 11:26). ബൈബിളിൽ വായിക്കുന്ന ഏക സഭയും ഇതാണ്. അതു കർത്താവിനുള്ളതാണ്; കർത്താവിനെ സേവിക്കയും ആരാധിക്കയും, അവനെ പ്രതിനിധീകരിക്കയും ചെയ്യുന്നു. ലോകാവസാനത്തോളം അവരോടുകൂടെ ഇരിക്കും എന്നു പറഞ്ഞവരും അവരാണ് (മത്തായി 28:20).

ദൈവത്തിലും ക്രിസ്തുവിനും വിശ്വസിക്കുവാൻ ദൈവം ആവശ്യപ്പെടുന്നു. അങ്ങനെ വിശ്വസിക്കുന്നവർ തങ്ങളുടെ പാപങ്ങളിൽ നിന്നു തിരിഞ്ഞു മാനസ്സാന്തരപ്പെട്ടു കർത്താവു ദൈവപുത്രനെന്നു ഏറ്റു പറഞ്ഞു പാപമോചനത്തിനായി സ്നാനമേൽക്കയും ചെയ്യുന്നവരെയാണ് കർത്താവു രക്ഷിച്ചു തന്റെ സഭയോടു ചേർക്കുന്നത് (എബ്രായർ 11:6; യോഹന്നാൻ 14:1; മത്തായി 10:32; പ്രവൃത്തികൾ 2:38; 2:47). ഇങ്ങനെ ചെയ്യുന്നവരെല്ലാം കർത്താവിന്റെ സഭയിൽ അംഗങ്ങളായിരിക്കും. അവർ പിന്നീട് ഒന്നായി ജീവിക്കും. അറിയപ്പെടുന്നത് ബൈബിളിലെ ഏക നാമത്തിലായിരിക്കും. അവർ എല്ലാവരും ഏക വിശ്വാസത്തിലും ഏക ഉപദേശത്തിലും അവസാനത്തോളം നിലനിൽക്കും. മറ്റുള്ളവർ എന്തു ചെയ്യുമെന്നു നോക്കുകയില്ല. നാം കർത്താവിന്റ ഇഷ്ടം നിറവേറ്റുന്നുണ്ടോ എന്നു ചിന്തിക്കുക. നാം ഏകാത്മാവിനാൽ ഐകമത്യപ്പെട്ടു സമാധാനത്തോടെ ദൈവ പക്ഷത്തുള്ളവർ എന്നു ലോകം വിശ്വസിപ്പാൻ ഇടയാകട്ടെ.

നിങ്ങളുടെ ജീവിതം ഇപ്രകാരമാണോ നിങ്ങൾ നയിക്കുന്നത്? ദൈവത്തിന്റെ അരുളപ്പാടുകളെ പൂർണ്ണമായി വിശ്വസിക്കുക. നമ്മോട് വിശ്വസിപ്പാനും അനുസരിപ്പാനും കൽപിച്ചിരിക്കുന്നത് അങ്ങനെ തന്നെ ചെയ്യുക.

✱

# നാം ദൈവത്തിൽ വിശ്വസിക്കുന്നതെന്തു കൊണ്ട്

**ജോർജ്. ഡബ്ലിയു. ഡി**

പലരും പല കാരണങ്ങൾ കൊണ്ട് ദൈവത്തിൽ വിശ്വസിക്കുന്നവരാണ്. ദൈവത്തിന്റെ അസ്തിത്വത്തെ നമുക്കു തെളിയിക്കുവാൻ കഴിയുമോ? അറിയുവാൻ താല്പര്യമില്ലാത്തവർക്കോ, ദൈവം ഇല്ലെന്നു മന:പ്പൂർവ്വം തർക്കിക്കുവാൻ വേണ്ടി വാദിക്കുന്നവർക്കോ പ്രയാസമാണ്. കാരണം അവരുടെ ആവശ്യം ദൈവത്തെ ഭൗതികമായി കാണിച്ചു കൊടുക്കണം എന്നതാണ്. അതു തികച്ചും അസാദ്ധ്യമത്രെ കാരണം ദൈവം ആത്മീയനാണ്.

1. നിരീശ്വരവാദം തെളിയിക്കുവാൻ കഴിയാത്തതുകൊണ്ടു, നാം ദൈവത്തിൽ വിശ്വസിക്കുന്നു.

എല്ലാ നിരീശ്വര വാദികളും ഒരു നിർബ്ബന്ധസ്ഥിതി സ്വീകരിച്ചിരിക്കും. അയാൾ ഇതു പറയുമ്പോഴും അയാൾക്കു മുകളിൽ ദൈവം ഉണ്ട് എന്ന തെളിവാണുള്ളത്. "ദൈവം ഇല്ല" എന്നു പറയുന്ന ആൾ ആദ്യം തന്നെ അയാളെ സൃഷ്ടിച്ചതല്ല എന്നു പറയണം. ദൈവം ഭൗതികലോകത്തിലും ആത്മീക ലോകത്തിലും കാലത്തിലും നിത്യതയിലും. ഒരാൾ ദൈവം ഇല്ലാ എന്നു പറയുവാൻ അയാൾ തന്നെത്താൻ ജ്ഞാനി ആകണം- സർവ്വജ്ഞാനിയാണെങ്കിലേ അപ്രകാരം ആധികാരികമായി പറയാൻ പറ്റു. അല്ലെങ്കിൽ അയാൾക്കു അറിഞ്ഞുകുടാത്തതു ദൈവം ഇല്ല എന്നായിരിക്കും.

2. നിത്യമായ നില നിൽപ്പു വസ്തുവല്ല - ദൈവമാണ് എന്നതു കൊണ്ട് നാം ദൈവത്തിൽ വിശ്വസിക്കുന്നു.

താൻ ബൈബിളിന്റെ സഹായത്താലല്ല, യുക്തിത്വത്താലാണ് നിത്യമായ നിലനിൽപ് അന്വേഷിക്കുന്നതെന്ന് ഒരു സംശയാലു എന്നോട് അടുത്ത സമയത്ത് പറഞ്ഞു. അയാൾക്ക് ബൈബിൾ യുക്തമായി തോന്നണമെന്നില്ല. അല്ലെങ്കിൽ മനുഷ്യർക്ക് ശരിയായ വിവേചനം നടത്തുവാനുള്ള കഴിവുമില്ല. തങ്ങളുടെ അപൂർണ്ണതയാണ് മനുഷ്യർ ഏറ്റവും അധികം തെളിയിക്കപ്പെട്ടിട്ടുള്ളത്. എങ്കിലും അയാളുടെ യുക്തിപരമായ നിലപാടിനെ യുക്തിപരമായി തന്നെ പരിശോധിക്കാം.

ഒന്നുമില്ലാതിരുന്ന ഒരു സമയം ഏപ്പോഴെങ്കിലും ഉണ്ടായിരുന്നോ? ഒന്നുമില്ലാതിരിക്കുമ്പോൾ എന്തെങ്കിലും ഉണ്ടാകുക അസംഭവ്യമാണ്. കാരണം എല്ലാറ്റിന്റെയും പിന്നിൽ ഒരു കാരണം ഉണ്ട്. അപ്പോൾ നിത്യതമുതൽ ചിലത് ഉണ്ടായിരുന്നു എന്നു വിശ്വസിക്കുന്നതു തന്നെ യുക്തിപരമാണ്. രണ്ട് കാര്യങ്ങൾ നിലനിൽക്കുന്നു-മനസും, വസ്തുവും (ശക്തിയല്ല ഊർജ്ജമാണ് ഒന്നിൽ മറ്റൊന്ന് പ്രദർശിപ്പിക്കുന്നത്). നിത്യമായി നിൽനിൽക്കുന്ന മുന്നു കാര്യങ്ങളെ നമുക്ക് ഊഹിക്കാം. മനസും വസ്തുവും നിത്യമാണ്. മനുഷ്യരുടെ യുക്തിയേക്കാൾ ദൈവവചനം പറയുന്നത് മനസ് നിലനിൽക്കുന്നതും വസ്തു നശിക്കുവാനിരിക്കുന്നതും എന്നാണ്. വസ്തു സൃഷ്ടിക്കപ്പെട്ടതാണ്, എന്നാൽ മനുഷ്യമനസിന് സൃഷ്ടി അസാധ്യമാണ്. പക്ഷെ സകലത്തെയും മെനയുവാൻ ശക്തിയുള്ള സൃഷ്ടികർത്താവിന് അത് അസാധ്യമല്ല താനും.

നിരീശ്വരവാദത്തിന് അടിസ്ഥാനമില്ലായ്കയാൽ, പ്രയാസം നീക്കം ചെയ്യുവാൻ രണ്ടു നിത്യമായ കാര്യങ്ങൾ തരുന്നു എന്നത് അവ്യക്തമാണ്. കുടാതെ അത് മനുഷ്യരെ രണ്ട് തട്ടുകളിലാക്കുന്നു. ഒരു കൂട്ടർ പറയുന്നത് വസ്തു നിത്യമാണ്, മനസ് സൃഷ്ടിക്കപ്പെട്ടതാണ്, അതായത് ബുദ്ധിയും ജീവനും; മറ്റൊരു കുട്ടർ പറയുന്നത്, മനസ്-എന്നു പറയുന്നത് സർവ്വശക്തനായ ദൈവമാണ്. നിത്യത മുതൽ അവൻ ഉണ്ടെന്നും അവനാണ് പ്രപഞ്ചത്തെ ഉണ്ടാക്കിയതെന്നുമാണ് ചിലർ കരുതുന്നത്. ഇതിൽ ഏതാണ് യുക്തിപരം?

നിത്യമായ ശക്തി മനസാണ്, അല്ലാതെ വസ്തുവല്ല എന്നു വിശ്വസിക്കുന്നത് യുക്തിപരമല്ലേ? മനസ് വസ്തുവിനേക്കാൾ ഉയർന്നതാണ്. മനസിന് അറിയുവാൻ കഴിയും, എന്നാൽ വസ്തു അറിയപ്പെടുകയാണ്. മനസ് ചലിക്കുകയും വസ്തുവിനെ പരിഷ്ക്കരിക്കുകയും ചെയ്യുന്നു. വസ്തു മനസിന്റെ സേവകനാണ്. മരുന്നുണ്ടാക്കുന്നവൻ മരുന്നിനേക്കാൾ ശ്രേഷ്ഠനാണ്. മനസ് സഹായിക്കുകയും ചിലപ്പോൾ നശിപ്പിക്കുകയും ചെയ്യും. നിത്യത മുതൽ തുടരുന്നത് ശക്തിയാണ്. തുടർച്ചയില്ലെങ്കിൽ അതു സ്ഥിരമായിരിക്കും. ഒരാളുടെ മനസ് ശരീരത്തേക്കാൾ വലുതാണ്. ശക്തി കുടാതെ സംഭവം അസാധ്യമാണ്. മനസിന് ഈ ഗുണങ്ങളെല്ലാം ഉണ്ട്. അതിനു ശരീരത്തെ ചലിപ്പിക്കുവാനും സംഭവങ്ങൾക്ക് കാരണമാക്കവാനും

കഴിയും. വസ്തുക്കളിൽ ആ ഗുണങ്ങൾ ഒന്നുമില്ല. അതിനു ശരീരത്തെ ചലിപ്പിക്കുവാനും സംഭവങ്ങൾക്ക് കാരണമാക്കുവാനും കഴിയും. വസ്തുവിന് അതിന്റേതായ അവസ്ഥയിൽ ഇരിക്കാനേ കഴിയു. ആ അവസ്ഥക്ക് മാറ്റം വരുത്തുവാൻ അതിനു സാധ്യമല്ല.

ആരംഭത്തിൽ ഉള്ള ഒന്നിനു മറ്റു ഗുണങ്ങൾ ഇല്ല. പക്ഷെ അവ ഒന്നും വസ്തുവിന് ഇല്ല. സൃഷ്ടിക്കപ്പെട്ട അവസ്ഥയിൽ തന്നെ കാണപ്പെടുകയോ അല്ലെങ്കിൽ രൂപഭേദം വരികയോ ചെയ്തേക്കാം. മനസിനു ചിന്തിക്കുവാനും പദ്ധതി തയ്യാറാക്കുവാനും, തോന്നുവാനും , സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനും, ധാർമ്മികമായി വകതിരിവ് നടത്തുവാനും, നന്മയും തിന്മയും വിവേചിപ്പാനും കഴിയും. വസ്തുവിന് ആ കഴിവൊന്നുമില്ല എന്നു സുബോധമുള്ള എല്ലാവർക്കും അറിയാം. അതുകൊണ്ട് മനസ് നിത്യമാണ്, വസ്തു നിത്യമല്ല. ഈ വിഷയത്തിൽ മുഖ്യവ്യത്യാസം കാണുന്നത്. തീർച്ചയായും അവ രണ്ടിനെക്കുറിച്ചും ചിലതെല്ലാം നമുക്ക് അറിയാം. അവക്കു രണ്ടിനെക്കുറിച്ചും ചിലതെല്ലാം അറിയാം. അവക്കു രണ്ടിനും മറ്റുള്ളവർക്കുള്ളതു പോലെ പൊതുവായ ചില വിശേഷതകൾ ഉണ്ട്. നിലനിൽക്കുന്നു എന്നതാണ് രണ്ടിനും പൊതുവായുള്ള ഗുണം. വസ്തുവിനെ അതിന്റെ ഗുണങ്ങളാൽ അറിയപ്പെടുന്നു, പക്ഷെ മനസ്സിനെ അതിന്റെ പ്രവൃത്തികളാൽ അറിയപ്പെടുന്നു.

ഒന്നു കടന്നു പോകുന്നതും മറ്റേതു പ്രവർത്തിക്കുന്നതുമാണ്. ഒന്നിനു ബോധമില്ല, മറ്റൊന്നിനു നിറയെ ചിന്തയും ബോധവും ഉണ്ട്. ഒന്നു നിർജീവവും മറ്റൊന്നു ജീവിക്കുന്നതുമാണ്. ഒന്നിനു മാറ്റം സംഭവിക്കുന്നു. മറ്റൊന്നു ധാർമ്മികവും നിയമപരവുമായി ബുദ്ധിപരമായി പ്രവർത്തിക്കുന്നു. മനസ്സിനേയും വസ്തുവിനേയും ചോദ്യം ചെയ്യും. ചില തത്വജ്ഞാനികൾ പറഞ്ഞിട്ടുണ്ട് മനസ്സു വെളിപ്പെടുത്തിയതു കൊണ്ടാണ് വസ്തുക്കൾ ഉള്ളത് എന്ന്.

3. ബുദ്ധി വൈഭവം കാര്യകാരണത്തോടെ പ്രപഞ്ചം വെളിപ്പെടുത്തുന്നതുകൊണ്ടാണ് നാം ദൈവത്തിൽ വിശ്വസിക്കുന്നത്. മനുഷ്യൻ ചെയ്യുന്ന എല്ലാ പ്രവൃത്തികളും കാര്യകാരണ സിദ്ധാന്തത്തിനു ഉദാഹരണങ്ങളാണ്. ഒരു വീട് നാം കാണുമ്പോൾ അതിനു ഒരു നിർമ്മാതാവു ഉണ്ടെന്നു നാം അറിയുന്നു. "ഓരോ വീടും പണിതതു ചില മനുഷ്യരാണ്". നാം ആ വീടു പണിതവനെ കാണുന്നി

ല്ലെങ്കിലും, നിർമ്മാതാവിന്റെ അസ്തിത്വം നാം നിഷേധിക്കുന്നില്ല. ഞാൻ എന്റെ വാച്ചു നോക്കുന്നു. അത് ബുദ്ധിയുള്ള ഒരു മനുഷ്യൻ ഉണ്ടാക്കി വെച്ചതാണ്. വാച്ചുണ്ടാക്കിയ ആളെ ഞാൻ കണ്ടിട്ടില്ലെങ്കിലും അയാൾ ഉണ്ടായിരുന്നു എന്നു വാച്ചിന്റെ നിർമ്മാതാവു എന്ന നിലയിൽ അയാളെ കുറിച്ചു ചിലതെല്ലാം എനിക്ക് അറിയാം. അതുപോലെ ദൈവം ഉണ്ടാക്കിയ പ്രപഞ്ചത്തിൽ നിന്നും പ്രപഞ്ച വസ്തുക്കളിൽ നിന്നും നമുക്ക് ദൈവത്തെക്കുറിച്ച് ചിലതൊക്കെ അറിയാം.

നമ്മുടെ പട്ടണത്തിലെയും രാജ്യത്തിലേയും വൈദ്യുതിയ്ക്ക് ഒരു ഉത്പാദകനില്ലേ? പിന്നെ മനുഷ്യന്റെ തലച്ചോറും നട്ടെല്ലും നാഡീവ്യൂഹങ്ങളുമോ? ടെലസ്കോപ്പു യാദൃശ്ചികമായി ഉണ്ടായതാണോ? ഇല്ലെങ്കിൽ അതിന്റെ പിന്നിൽ ഒരു നിർമ്മാതാവുണ്ടല്ലോ? നമ്മുടെ രാജ്യം മുഴുവൻ ഒഴുകിക്കൊണ്ടിരിക്കുന്ന ജലവിഭവമോ? നമ്മുടെ ശരീരത്തിലെ പേശികളും ധമനികളുമോ?

രാത്രി ആകാശത്തിലേക്കു നോക്കുക. അവിടെ കാണുന്ന താരവ്യൂഹങ്ങൾ നമ്മുടെ നഗ്നനേത്രങ്ങളാൽ എണ്ണാവുന്ന നക്ഷത്രങ്ങൾ എത്രയുണ്ട്? ടെലസ്ക്കോപ്പ് ഉപയോഗിച്ചു നോക്കിയാൽ ദശലക്ഷക്കണക്കിനു നക്ഷത്രങ്ങൾ കാണാം. അവ അന്യോന്യം കൂട്ടിമുട്ടുന്നില്ല. അവയൊന്നും യാദൃശ്ചികമായി ഉണ്ടായതല്ല. മനുഷ്യൻ അവയുടെ ദൂരം കണക്കാക്കാൻ ശ്രമിച്ചിട്ടുണ്ട് ഗ്രഹങ്ങളെ കണ്ടെത്താൻ ശ്രമിക്കുന്നുണ്ട്. വിവിധ പരീക്ഷണങ്ങളും ഗവേഷണങ്ങളും നടത്തിക്കൊണ്ടിരിക്കുന്ന മനുഷ്യൻ അവ ഉണ്ടാക്കിയ ദൈവത്തെയാണ് അന്വേഷിക്കേണ്ടത്. ഇവയെല്ലാം നിർമിച്ച ദൈവം എത്ര ശക്തനാണ് എന്നു തിരിച്ചറിഞ്ഞു വിശ്വസിക്കണം.

4. ലോകത്തിലുള്ള ധാർമ്മിക ഭരണങ്ങളിൽ ഒരു ധാർമ്മിക നാടുവാഴി ഉള്ളതുകൊണ്ട് നാം ദൈവത്തിൽ വിശ്വസിക്കുന്നു.

ധാർമ്മിക ഭരണത്തിന്റെ ഒരു വിഷയമാണ് മനുഷ്യൻ. അവന്റെ മനസ്സാക്ഷി നന്മയും തിന്മയും ഉണ്ടെന്നു പറയുകയും, നന്മചെയ്യണമെന്നു പറയുകയും ചെയ്യും. മനുഷ്യന്റെ ഹൃദയം പറയും നീതി നിർവ്വഹിക്കണം എന്ന്. എല്ലാവർക്കും മുകളിൽ ഒരാൾ എല്ലാവരിലും നീതി പുലർത്തുവാൻ ആഗ്രഹിക്കുന്നു. കുറ്റമുള്ളവരെല്ലാം കണക്കു കൊടുക്കേണ്ട ദിവസത്തെ ഭയപ്പെടുന്നു. അവർ ചെയ്തിട്ടുള്ള

തെല്ലാം ഉയർന്ന കോടതിയിൽ വിചാരണക്കു വരും. നന്മക്കു വേണ്ടി നിലകൊള്ളുന്ന, ദൈവത്തിൽ വിശ്വസിക്കുന്നവർക്കു അവരുടെ പ്രവൃത്തികൾക്കു, സത്യവും നീതിയും ആണെങ്കിൽ അതിന്റെ ഫലം സുനിശ്ചിതമായിരിക്കും. നമ്മുടെ ആത്മാക്കളുടെ നങ്കൂരമായി, അഭയകേന്ദ്രമായി നമുക്കു അതിജീവിക്കുവാൻ ശുഭാപ്തി വിശ്വാസം തരുവാൻ വിശ്വാസത്തിനു കഴിയും.

5. ശ്രാസ്ത്രജ്ഞന്മാരിൽ പ്രമുഖരും തത്വജ്ഞാനികളിൽ അനേകരും എല്ലാകാലത്തും ദൈവത്തിൽ വിശ്വസിച്ചതുകൊണ്ട് നമുക്ക് ദൈവത്തിൽ വിശ്വസിക്കാം.

ചിലരുടെ മനസ്സിൽ ദൈവത്തിൽ വിശ്വസിക്കാതിരുന്നവരുടെ ചിത്രമാണ്. ദൈവം ഇല്ല എന്നു മുഢൻ തന്റെ ഹൃദയത്തിൽ പറയുന്നു എന്നാണ് തിരുവെഴുത്തു പറയുന്നത്. ശാസ്ത്രജ്ഞന്മാരായ ഗലീലിയോ, ഐസക്ക് ന്യൂട്ടൻ എന്നിവർ ബൈബിളിൽ വിശ്വസിച്ചു. കാരണം ദൈവം അരുളിചെയ്തതു സത്യമാണെന്നു അവർക്കു തെളിയിക്കുവാൻ കഴിഞ്ഞു. സകലത്തെയും നിയന്ത്രിക്കുവാൻ കഴിയുന്നതു അവയെ ഉണ്ടാക്കിയ ആൾക്കു മാത്രമാണ്. മനുഷ്യർ കണ്ടുപിടിച്ച യാഥാർത്ഥ്യങ്ങൾക്കു പിന്നിൽ പരമോന്നതൻ ഉണ്ടെന്ന സത്യം സത്യമായി നിലനിൽക്കുന്നു. ഇതു കുടാതെ പ്രപഞ്ചത്തിലെ കാലവും അതിരുകളും കാലാവസ്ഥയും എല്ലാം സൂചിപ്പിക്കുന്നത് ഈ സത്യമാണ്: ഇനിയും ധാരാളം തെളിവുകൾ ദൈവം ഉണ്ട് എന്നതിനു നിരത്തുവാൻ കഴിയും. എന്നാൽ ഇപ്പോൾ ഇത്രയും മതിയാകും.

പ്രകൃതിയിലെ എല്ലാം തന്നെ വ്യക്തമാക്കുന്നത് ഒരു സൃഷ്ടികർത്താവ് എല്ലാറ്റിന്റേയും പിന്നിൽ ഉണ്ട് എന്നാണ്. പക്ഷിമൃഗാദികളെല്ലാം അവയെ ഉണ്ടാക്കിയ ദൈവത്തെ മഹത്വപ്പെടുത്തുന്നുണ്ട്. ദൈവശക്തിയും ദിവ്യത്വവും അവന്റെ പ്രവർത്തികളിൽകൂടെ ദൃശ്യമാക്കുന്നത് മനുഷ്യർ കാണുന്നില്ല എന്നതാണ് പരമാർത്ഥം. നിങ്ങൾ യഥാർത്ഥത്തിലുള്ള ഒരു ദൈവവിശ്വാസിയാണോ? അല്ലെങ്കിൽ നിങ്ങളുടെ വിശ്വാസത്തിന് ആവശ്യമായതെന്തെന്ന് തിരിച്ചറിഞ്ഞ് അതു പരിശോധിച്ച് വിലയിരുത്തി ഒരു വിശ്വാസിയായി തീരുകയാണ് വേണ്ടത്. നിങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കാം.

★

## യേശുവിനെതിരായ ദുരാരോപണങ്ങൾ

ഷ്ലോം തർമാൻ

യേശുവിന്റെ ഭൗമിക ശുശ്രൂഷാ വേളയിൽ ആയിരക്കണക്കിനു ആളുകൾ അവന്റെ ഉപദേശം കേൾപ്പാനും അവൻ ചെയ്യുന്ന അത്ഭുതങ്ങൾ കാണുവാനും ഓടിക്കൂടിയിരുന്നു. പല ആരോപണങ്ങളും യേശുവിനെതിരായി ഉന്നയിച്ചിരുന്നു. അവൻ "ചുങ്കക്കാരോടും പാപികളോടും കൂടെ ഭക്ഷിക്കുന്നു" എന്നു പറഞ്ഞു (മത്തായി 9:11), അവൻ തെറ്റായ പട്ടണത്തിൽനിന്നുള്ളവനാണെന്നും (യോഹ. 1:46), കാപട്യമുള്ളവനാണെന്നും (മത്താ. 26:65), ഭൂതങ്ങളുടെ സേവകനാണെന്നും (മത്താ. 12:24), "അജ്ഞരും വിദ്യാഭ്യാസമില്ലാത്തവരുമായവരെ അപ്പൊസ്തലന്മാരാക്കി" (പ്രവൃത്തികൾ 4:13), അവൻ കൈസർക്ക് ഭീഷണിയാണ് (യോഹ. 19:12). യേശു ജീവിച്ച ജീവിതത്തെ കുറിച്ച് പിന്നീട് എഴുതിയത്, " അവൻ പാപം ഒഴികെ സർവ്വത്തിലും നമുക്ക് തുല്യമായി പരീക്ഷിക്കപ്പെട്ടു" എന്നാണ് (എബ്രായർ. 4:15).

പിതാവായ ദൈവം അവനെ കുറിച്ച് സാക്ഷ്യപ്പെടുത്തിയത്, "ഇവൻ എന്റെ പ്രിയപുത്രൻ, ഇവങ്കൽ ഞാൻ പ്രസാദിച്ചിരിക്കുന്നു. നിങ്ങൾ ഇവന്നു ചെവി കൊടുപ്പിൻ" (മത്തായി 17:5). അവനെ ക്രൂശിൽ തറെക്കുവാൻ ഏൽപിച്ചവർ തന്നെ അവസാനം പറഞ്ഞത്, "അവൻ വാസ്തവമായും ദൈവപുത്രൻ ആകുന്നു" എന്നാണ് (മത്താ. 27:54). അവൻ ഒരു തികഞ്ഞ ജീവിതം നയിച്ചിട്ടും പലതിനെ കുറിച്ചും അവനെതിരായി കുറ്റങ്ങൾ ആരോപിക്കപ്പെട്ടിരുന്നു. നാം അവന്നായി ജീവിക്കുവാൻ തുടങ്ങുമ്പോൾ, നമ്മുടെ ജീവിതത്തിൽനിന്ന് ഈ ആരോപണങ്ങളെ നമുക്ക് എങ്ങനെ ഒഴിവാക്കുവാൻ കഴിയും? എല്ലാ തലമുറകളിലേയും ആളുകൾക്ക് ഇത്തരം ആരോപണങ്ങൾ നേരിടേണ്ടതായി വന്നിട്ടുണ്ട്. അതുകൊണ്ട് നമ്മുടെ ഈ തലമുറയും അതിൽനിന്ന് മുക്തരല്ല. യേശു മുന്നറിയിച്ചു. "നിങ്ങൾ ലോകക്കാർ ആയിരുന്നുവെങ്കിൽ, ലോകം തനിക്കു സ്വന്തമായതിനെ സ്നേഹിക്കുമായിരുന്നു. എന്നാൽ നിങ്ങൾ ലോകക്കാരായിരിക്കാതെ ഞാൻ നിങ്ങളെ ലോകത്തിൽനിന്നു തിരഞ്ഞെടുത്തതുകൊണ്ട് ലോകം നിങ്ങളെ പകെക്കുന്നു" (യോഹ. 15:19).

പലപ്പോഴും നാം ലോകം ചിന്തിക്കുന്നതിനെ കുറിച്ച് വിചാരപ്പെട്ട്, ലോകത്തിന്റെ അംഗീകാരം നേടുവാൻ ശ്രമിക്കും. എന്നാൽ യേശു പറഞ്ഞു, "സകല മനുഷ്യരും നിങ്ങളെ പുകഴ്ത്തി പറയുമ്പോൾ നിങ്ങൾക്ക് അയ്യോ കഷ്ടം" (ലൂക്കൊസ്. 6:26). ലോകത്തിന്റെ അംഗീകാരം ലഭിക്കുവാൻ പരിശ്രമിക്കുന്നവർക്ക് വലിയ വില കൊടുക്കേണ്ടിവരും. അപ്പൊസ്തലനായ പൗലൊസ് ഗലാത്യർക്ക് ലേഖനം എഴുതുമ്പോൾ പറഞ്ഞു, "ഞാൻ മനുഷ്യരെ പ്രസാദിപ്പിക്കുന്നവനാണെങ്കിൽ, ഞാൻ ക്രിസ്തുവിന്റെ ദാസൻ ആയിരിക്കുകയില്ല" (ഗലാത്യർ 1:10). തെറ്റായ ആരോപണങ്ങൾ എക്കാലത്തും ഉണ്ട്. ക്രിസ്തുവിനെ കുറിച്ചും ക്രിസ്തുവിന്റെ സഭയെ കുറിച്ചും അപവാദങ്ങൾ പ്രചരിപ്പിക്കുന്നു എന്നതു വാസ്തവമാണ്. പക്ഷെ ആളുകൾ സത്യം പരിശോധിച്ച് മനസിലാക്കണം എന്നതാണ് ദൈവഹിതം. അല്ലെങ്കിൽ ഭോഷ്ക്ക് വിശ്വസിച്ച് സത്യം അറിയാതെ പോകും.

ന്യായപ്രമാണം ലംഘിക്കുവാൻ നിങ്ങൾ ആളുകളെ പഠിപ്പിക്കുന്നു എന്നതാണ് മറ്റൊരു ആരോപണം. യെഹൂദന്മാർക്കിടയിൽ ക്രിസ്ത്യാനിത്വം ഒരു പുതിയ മതമായിട്ടാണ് ഒന്നാം നൂറ്റാണ്ടിലെ ആളുകൾ കണക്കാക്കിയിരുന്നത് (പ്രവൃ. 25:19; 28:22), യെഹൂദന്മാരുടേയും ജാതികളുടേയും ആചാരത്തെ സംബന്ധിച്ചും ന്യായപ്രമാണത്തെ സംബന്ധിച്ചും ആദ്യ സഭ വളരെ ശ്രദ്ധിക്കേണ്ടിയിരുന്നു. അവർ ക്രിസ്തുവിന്റെ സുവിശേഷമാണ് പ്രസംഗിച്ചതെങ്കിലും പെട്ടെന്ന് അവർക്ക് എതിർപ്പുകൾ നേരിടേണ്ടി വന്നു. പൗലൊസ് ഫിലിപ്പിയയിൽ പ്രസംഗിച്ചപ്പോൾ, " ഈ മനുഷ്യർ നമ്മുടെ പട്ടണങ്ങളെ കലക്കി റോമാക്കാരായ നമുക്ക് അംഗീകരിപ്പാനും അനുസരിപ്പാനും ന്യായമല്ലാത്ത ആചാരങ്ങളെ പ്രസംഗിക്കുന്നു എന്നു പറഞ്ഞു" (പ്രവൃത്തികൾ 16:21). ആ കുറ്റം തെറ്റായിരുന്നു കാരണം പൗലൊസ് ഒരു റോമാ പൗരനായിരുന്നു (വാ. 37), പിന്നെ അന്നു നിലവിലുള്ള ഒരു നിയമത്തിനും എതിരായിരുന്നില്ല സുവിശേഷം. എങ്കിലും പൗലൊസ് അടുത്ത പട്ടണത്തിൽ ചെന്നു പ്രസംഗിച്ചപ്പോൾ അതേ കുറ്റം ആവർത്തിക്കപ്പെട്ടു. "ലോകത്തെ കീഴ്മേൽ മറിച്ചവർ ഇവിടെയും എത്തി" (പ്രവൃത്തികൾ 17:6).

ഫിലിപ്പിയയിലേയും തെസ്സലോനിക്യയിലേയും മതാദ്ധ്യക്ഷന്മാർക്ക് അപ്പൊസ്തലന്റെ ഉപദേശങ്ങളെ സ്വീകരിക്കുവാൻ

കഴിയാതിരുന്നതിനാൽ അവർ ദുരാരോപണങ്ങൾ ഉന്നയിച്ച് ആളുകളെ ഇളക്കി വിടുവാനാണ് ശ്രമിച്ചത്. "നിങ്ങൾ നിയമങ്ങൾ അനുസരിക്കേണ്ടതില്ല എന്നു ക്രിസ്തുവിന്റെ സഭ പഠിപ്പിക്കുന്നു" എന്ന ആരോപണം ചിലർ ഇന്ന് ഉന്നയിക്കുന്നുണ്ട്. അത് സത്യമല്ല എന്നു തുറന്നു പറയട്ടെ. യേശു പറഞ്ഞു, "കൈസർക്കുള്ളത് കൈസർക്ക് , ദൈവത്തിനുള്ളത് ദൈവത്തിന്ന്" എന്നാണ് കർത്താവ് പഠിപ്പിച്ചത് മത്താ. 21:22). ഏതു ദേശത്തിന്റെ നിയമമായാലും അത് ദൈവനിയമത്തിനു വിരുദ്ധമല്ലെങ്കിൽ നമുക്ക് അനുസരിക്കാമെന്ന തത്വമാണ് നമ്മെ പഠിപ്പിച്ചിരിക്കുന്നത് (പ്രവൃത്തികൾ. 5:29). യേശു റോമൻ നിയമം അനുസരിക്കുകയും തന്റെ ശിഷ്യന്മാരെ അനുസരിക്കുവാൻ പഠിപ്പിക്കുകയും ചെയ്തു. അതിൽ നികുതി കൊടുക്കുന്നതും ഉൾപ്പെടുന്നു.

അപ്പൊസ്തലനായ പൗലൊസ് ക്രിസ്ത്യാനികൾക്ക് എഴുതി, "ഏതു മനുഷ്യനും ശ്രേഷ്ഠാധികാരങ്ങൾക്ക് കീഴടങ്ങട്ടെ; ദൈവത്താലല്ലാതെ ഒരധികാരവും ഇല്ലല്ലൊ. ഉള്ള അധികാരങ്ങളോ ദൈവത്താൽ നിയമിക്കപ്പെട്ടിരിക്കുന്നു. ആകയാൽ അധികാരത്തോട് മറുക്കുന്നവൻ ദൈവവ്യവസ്ഥയോട് മറുക്കുന്നു. മറുക്കുന്നവരോ ശിക്ഷാവിധി പ്രാപിക്കും" (റോമർ 13:1, 2). റോമൻ നാടുവാഴിയായിരുന്ന ഗലീലിയോ യെഹൂദ നിയമപ്രകാരമായതിനാൽ വിചാരണ നടത്തുവാൻ കൂട്ടാക്കിയില്ല. സകല മാനുഷ നിയമങ്ങൾക്കും കർത്താവിൻ നമിത്തം കീഴടങ്ങിയിരിക്കട്ടെ എന്നു പത്രൊസ് എഴുതിയിരിക്കുന്നു (1 പത്രൊ. 2:13). ക്രിസ്തുവിന്റെ സഭ പഴയനിയമം വിശ്വസിക്കുന്നില്ല എന്ന ആരോപണവും പറഞ്ഞു കേൾക്കാറുണ്ട്. അതു സത്യമല്ല എന്നു പറഞ്ഞുകൊള്ളട്ടെ.

"പിതാക്കന്മാരുടെ സമ്പ്രദായങ്ങൾ പ്രമാണിക്കുന്നില്ല" എന്നായിരുന്നു യെഹൂദന്മാർ യേശുവിലും ശിഷ്യന്മാരിലും ചുമത്തിയ കുറ്റം (മത്തായി 15:2). ചുരുങ്ങിയത് യെഹുദന്മാർക്ക് ഗൗരവമുള്ള കുറ്റമായിരുന്നു. പൗലൊസ് എഫെസൊസിൽ സുവിശേഷം പ്രസംഗിച്ചപ്പോൾ യെഹുദന്മാർ അവനെ കുറ്റം ചുമത്തിയത്, "ഇവൻ ന്യായപ്രമാണത്തിനു വിരോധമായി ദൈവത്തെ ഭജിപ്പാൻ മനുഷ്യരെ സമ്മതിപ്പിക്കുന്നു" എന്നാണ് (പ്രവൃത്തികൾ 18:13). പരീക്ഷിക്കപ്പെട്ട യേശു ഓരോ പരീക്ഷണത്തെയും തിരുവെഴുത്തുകളാലായിരുന്നു നേരിട്ട

ത്–അതായത് പഴയനിയമത്താൽ (മത്തായി. 4:1–11). ക്രിസ്തുവിനു വേണ്ടി ജീവിക്കുന്ന ക്രിസ്ത്യാനികൾക്കു ബുദ്ധിയുപദേശത്തിനു കൂടിയുമാണ് മുന്നെഴുതിയിരിക്കുന്ന തിരുവെഴുത്തുകൾ (റോമർ 15:4). പഴയനിയമവും ദൈവത്തിൽനിന്നായിരുന്നതുകൊണ്ട് നാം അതും വിശ്വസിക്കുന്നു. എന്നാൽ വാസ്തവത്തിലുള്ള ചോദ്യം, പഴയനിയമം ക്രിസത്യാനികളെ ബാധിക്കുന്നുണ്ടോ ഇല്ലയോ എന്നതാണ്. പലതും ചെയ്യുന്നത് പഴയ നിയമത്തിലെ ഏതെങ്കിലും ഒരു വേദഭാഗം എടുത്ത് നിങ്ങൾ ഇത് വിശ്വസിക്കുന്നുണ്ടോ? അല്ലെങ്കിൽ നിങ്ങൾ ഇത് അനുസരിക്കുന്നുണ്ടോ എന്നു ചോദിക്കും. പക്ഷെ നിങ്ങൾ എന്തുകൊണ്ടാണ് പെട്ടകം ഉണ്ടാക്കാത്തത്? അല്ലെങ്കിൽ നിങ്ങൾക്ക് എന്തുകൊണ്ടാണ് ആയിരം ഭാര്യമാർ ഇല്ലാത്തത്? അല്ലെങ്കിൽ നിങ്ങൾ എന്തുകൊണ്ടാണ് മൃഗബലി അർപ്പിക്കാത്തത് എന്നൊന്നും ചോദിക്കുകയില്ല എന്നു നമുക്ക് അറിയാം.

പൊതുവിൽ ആളുകൾ ബൈബിൾ തരം തിരിച്ച് പഠിക്കുന്നില്ല. മതാദ്ധ്യക്ഷന്മാർ ശരിയായി പഠിപ്പിക്കുന്നുമില്ല. ഒരുപക്ഷെ സാത്താൻ മനുഷ്യരുടെ മനസ് കൂരുട്ടാക്കി കാര്യങ്ങൾ ശരിയായി മനസിലാക്കാതിരിക്കുവാൻ വെച്ചിരിക്കുകയാവാം. പഴയനിയമം ആർക്ക് നൽകി എന്നും അതിന്റെ കാലയളവ് എപ്പോൾ വരെയായിരുന്നു എന്നും വേദപുസ്തകം വളരെ വ്യക്തമായി പഠിപ്പിക്കുന്നുണ്ട്. ദയവായി താഴെ പറയുന്ന വേദഭാഗങ്ങൾ വായിക്കുക. ആദ്യമായി എബ്രായ ലേഖകൻ ക്രിസ്തുവിനെ കുറിച്ചു പറയുന്നത്, "ആദ്യ നിയമത്തിലെ ലംഘനങ്ങളിൽനിന്നുള്ള വീണ്ടെടുപ്പിനായി ഒരു മരണം ഉണ്ടായിട്ട്, നിത്യാവകാശത്തിന്റെ വാഗ്ദത്തം വിളിക്കപ്പെട്ടവർക്ക് ലഭിക്കേണ്ടതിന്നു അവൻ പുതിയ നിയമത്തിന്റെ മദ്ധ്യസ്ഥൻ ആകുന്നു" (എബ്രായർ 9:15).

"ഇതാ ഞാൻ നിന്റെ ഇഷ്ടം ചെയ്യുവാൻ വരുന്നു എന്നു പറഞ്ഞുകൊണ്ട് അവൻ രണ്ടാമത്തേതിനെ സ്ഥാപിപ്പാൻ ഒന്നാമത്തേതിനെ നീക്കി കളയുന്നു. ആ ഇഷ്ടത്തിൽ നാം യേശുക്രിസ്തു ഒരിക്കലായി കഴിച്ച ശരീരയാഗത്താൽ വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു" (എബ്രായർ 10:9, 10). ദൈവേഷ്ടപ്രകാരം യേശു പഴയനിയമത്തെ നീക്കി പുതിയ നിയമം സ്ഥാപിച്ചിരിക്കുന്നു എന്ന് വളരെ വ്യക്തമായി തിരുവെഴുത്ത് പഠിപ്പിക്കുന്നു. അതുകൊണ്ട് ക്രിസ്തുവിന്റെ

മരണശേഷം നിലനിൽക്കുന്ന നിയമം പുതിയ നിയമമാണ്. ക്രിസ്തുവിന്റെ മരണത്തിന്റെ സ്വാധീനം എത്ര വലുതാണെന്ന് അപ്പൊസ്തലനായ പൗലൊസ് തന്റെ ലേഖനങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നു. "അതിക്രമങ്ങൾ ഒക്കെയും നമ്മോട് ക്ഷമിച്ച ചട്ടങ്ങളാൽ നമുക്ക് വിരോധവും പ്രതികൂലവുമായിരുന്ന കയ്യെഴുത്ത് മായിച്ചു ക്രൂശിൽ തറെച്ചു നടുവിൽനിന്നു നീക്കി കളഞ്ഞു" (കൊലൊസ്യർ 2:14). "ഞാൻ യിസ്രായേൽ ഗൃഹത്തോടും യെഹൂദാ ഗൃഹത്തോടും പുതിയോരു നിയമം ചെയ്യുന്ന കാലം വരും എന്നു കർത്താവിന്റെ അരുളപ്പാട്. ഞാൻ അവരുടെ പിതാക്കന്മാരെ കൈക്കു പിടിച്ച് മിസ്രയിം ദേശത്തു നിന്നു കൊണ്ടുവന്ന നാളിൽ ഞാൻ അവരോട് ചെയ്ത നിയമം പോലെ അല്ല, അവർ എന്റെ നിയമത്തിൽ നിലനിന്നില്ല, ഞാൻ അവരെ ആദരിച്ചതുമില്ല (എബ്രായർ.8:8, 9).

നാം ഇപ്പോൾ സ്വാതന്ത്ര്യത്തിന്റെ തികഞ്ഞ ന്യായപ്രമാണത്തിൻ കീഴിലാണ് ജീവിക്കുന്നത് (യാക്കൊ.1:25). പുതിയ നിയമം അഥവാ സുവിശേഷം ആണ് ക്രിസ്തുവിന്റെ നിയമം. ഇന്നു സകല മനുഷ്യരും അനുസരിക്കേണ്ടത് ക്രിസ്തുവിന്റെ സുവിശേഷം ആണ്. അനുസരിക്കാത്തവർക്ക് നിത്യ ശിക്ഷാവിധിയാണ് ദൈവം വെച്ചിരിക്കുന്നത്. ആരെങ്കിലും ഇന്ന് പഴയനിയമത്തിലേക്ക് തിരിച്ചുപോകുവാൻ ആഗ്രഹിക്കുകയാണെങ്കിൽ അയാൾ പുതിയനിയമത്തിന്റെ പ്രസക്തി ഇല്ലാതാക്കുവാൻ ശ്രമിക്കുകയാണ്. മാത്രമല്ല, പഴയനിയമം കണ്ണിനു പകരം കണ്ണ് എന്നും പല്ലിനു പകരം പല്ല് എന്നും ഉള്ള ശിക്ഷാവിധിയാണ് എടുത്തിരുന്നത്. പക്ഷെ പുതിയ നിയമം കൃപയുടെ നിയമമാണ്. ക്രിസ്തുവിന്റെ നിയമം പഴയനിയമത്തേക്കാൾ പ്രയോജനവും ജീവിപ്പിക്കുന്നതുമാണ്.

മറ്റു സമുദായങ്ങളുമായി നിങ്ങൾ കൂട്ടായ്മ കൂടാറില്ല എന്ന ആരോപണം കേൾക്കാറുണ്ട്. പത്രൊസിനേയും യോഹന്നാനെയും സുവിശേഷം പറഞ്ഞു എന്ന കുറ്റത്തിന് അവരെ തടവിലാക്കി (പ്രവൃത്തികൾ 3). അവരെ യെഹൂദ മതാദ്ധ്യക്ഷന്മാരുടെ അടുക്കൽ കൊണ്ടുവന്നപ്പോൾ അപ്പൊസ്തലന്മാർ പ്രചാരമില്ലാത്തവർ പ്രചാരമുള്ളവരോട് സുവിശേഷം പ്രസംഗിച്ചു. " രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ മറ്റൊരു നാമമില്ല" (പ്രവൃത്തികൾ 4:12). അത് ഒരുപക്ഷെ ലൗകിക കാഴ്ച്ചപ്പാടിൽ ഇടു

ങ്ങിയ ആശയമായി തോന്നിയേക്കാം. പക്ഷെ വഴി ഒന്നു മാത്രം, സത്യം ഒന്നുമാത്രമാണുള്ളത്. അപ്പൊസ്തലന്മാരുടെ ഉപദേശം ക്രിസ്തുവിന്റെ ഉപദേശമായിരുന്നു. പൗലൊസ് അഥേനയിൽ യേശു ക്രിസ്തുവിനെ കുറിച്ചു പ്രസംഗിച്ചു:"അഥേനാ പുരുഷന്മാരേ, നിങ്ങൾ എല്ലാറ്റിലും അതിഭക്തന്മാർ എന്നു ഞാൻ കാണുന്നു" (പ്രവൃത്തികൾ 17:22). പക്ഷെ പിന്നീട് അവരുടെ മതപരമായ പ്രവൃത്തികൾ തെറ്റാണെന്ന് അവരെ ബോധ്യപ്പെടുത്തി. അവൻ മറ്റു മതസ്ഥരുമായി കൂട്ടുചേരുന്നതിനപ്പുറം അവരുടെ ആത്മരക്ഷയെ കുറിച്ച് അപ്പൊസ്തലൻ കരുതലുള്ളവനായിരുന്നു. യേശുക്രിസ്തുവും അന്നത്തെ മതാദ്ധ്യക്ഷന്മാരെ പ്രബോധിപ്പിച്ചത് അവരുടെ ആത്മാക്കളെ കുറിച്ചുള്ള കരുതൽ നിമിത്തമായിരുന്നു. അവൻ പാപികളോടും ചുങ്കക്കാരോടും കൂടെ നടന്നത് അവരെ സ്നേഹിച്ചതുകൊണ്ടും അവരുടെ ആത്മാക്കൾ നഷ്ടപ്പെട്ടുപോകരുത് എന്നു വിചാരിച്ചതുകൊണ്ടും ആയിരുന്നു.

ക്രിസ്തുവിന്റെ സഭയിലുള്ളവർ മറ്റു നാമധേയ വിഭാഗക്കാരുടെ ആരാധനയിൽ പങ്കെടുക്കുകയോ അവരുടെ വിവിധ പ്രവർത്തനങ്ങളിൽ പങ്ക് ചേരുകയോ ചെയ്യുന്നില്ലല്ലൊ എന്നു പറയാറുണ്ട്. ക്രിസ്തുവിന്റെ സഭ ഒരിക്കലും ഒരു നാമധേയ വിഭാഗമല്ല, അത് പണിതത് ക്രിസ്തുവാണ് (മത്തായി 16:18). അത് വിലക്ക് വാങ്ങിയത് കർത്താവാണ് (പ്രവൃത്തികൾ 20:28). മറ്റു വിഭാഗങ്ങളുമായി ബന്ധപ്പെടുന്നതിനേക്കാൾ കർത്താവ് നമുക്ക് കാണിച്ചു തരുന്ന പ്രത്യേകത എന്തെന്നാൽ, അവൻ സത്യത്തോടാണ് ബന്ധപ്പെട്ടിരുന്നത്. അസത്യത്തെ പിൻപറ്റുന്നവരുമായി ആത്മീയമായി എങ്ങനെ യോജിക്കുവാൻ കഴിയും എന്നതാണ് ചോദ്യം. മറ്റു വിശ്വാസങ്ങളെ സ്വീകരിച്ചവരുമായി എങ്ങനെ ഇടപെടണമെന്ന് ദൈവശ്വാസീയരായ ആളുകൾ ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികളെ പഠിപ്പിച്ചിരുന്നു.

"നിങ്ങൾ അവിശ്വാസികളോട് ഇണയില്ലാപ്പിണ കൂടരുത്, നീതിക്കും അധർമ്മത്തിനും തമ്മിൽ എന്തൊരു ചേർച്ച? വെളിച്ചത്തിന് ഇരുളോട് എന്തൊരു കൂട്ടായ്മ? ക്രിസ്തുവിന്നും ബെലിയാലിന്നും തമ്മിൽ എന്തു പൊരുത്തം? അല്ലാ, വിശ്വാസിക്ക് അവിശ്വാസിയോട് എന്തു ഓഹരി? നാം ജീവനുള്ള ദൈവത്തിന്റെ ആലയമല്ലൊ."

✶

## ജീവിതത്തിന്റെ യഥാർത്ഥ സന്തോഷം

### റിച്ചാർഡ് എച്ച് ഹോളെർമാൻ

ലോകത്തിൽ ജീവിക്കുന്ന പലരും എതിർപ്പിലും, നിരാശയിലും, ദുഃഖത്തിലും കഴിയുന്നതിന്റെ കാരണത്തെ കുറിച്ച് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? നിങ്ങളുടെ ജീവിതം അർത്ഥശൂന്യമാണെന്നോ, കാര്യങ്ങൾ ഒന്നും ശരിയായി പോകുന്നില്ല എന്നോ നിങ്ങൾക്ക് തോന്നിയിട്ടുണ്ടോ? അല്ലെങ്കിൽ നിങ്ങളുടെ ജീവിതം സന്തോഷകരമാണെന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടോ? നിങ്ങൾക്ക് വാസ്തവത്തിൽ ഉള്ള ജീവിത സന്തോഷം ലഭിച്ചിട്ടില്ലെങ്കിൽ അത് നിങ്ങൾ മാത്രമല്ല എന്നു മനസിലാക്കുക. അസന്തുഷ്ടമായ ജീവിതത്തിന്റെ കാരണം ആരാഞ്ഞ് സന്തോഷത്തിലേക്ക് തിരിഞ്ഞവർ വളരെ കുറച്ചുപേർ മാത്രമാണ്. അതിന്റെ കാരണം മിക്കപേരും സന്തോഷം കണ്ടെത്തുവാൻ ശ്രമിക്കുന്നത് തെറ്റായ സ്ഥലങ്ങളിലായതുകൊണ്ടാണ്. ശരിയായ സന്തോഷം എന്താണെന്നും എവിടെയാണെന്നും നാം തിരിച്ചറിയണം. എങ്കിൽ മാത്രമെ നമ്മുടെ അന്വേഷണത്തിന് ശരിയായ ഫലം ലഭിക്കുകയുള്ളു.

ഏതാനും പേർ സന്തോഷം കണ്ടെത്തുവാൻ ശ്രമിക്കുന്നത് ഭൗതികത്വത്തിൽ, വിദ്യാഭ്യാസത്തിൽ, ലൈംഗികതയിൽ, തത്വത്തിൽ, സാമൂഹ്യപരിഷ്ക്കരണത്തിൽ തുടങ്ങിയവയിലാണ്. എന്നാൽ അവയിൽ പരിശ്രമിക്കുന്നവർക്കെല്ലാം പരാജയമാണ് ഫലം. ഉദാഹരണമായി തത്വജ്ഞാനത്തിൽ ആശ്രയിക്കുന്നവർ ഒരിടത്തും ആരംഭിക്കാത്തതും ഒരിടത്തും എത്താത്തതുമായ വഴികളാണ് സ്വീകരിക്കുന്നത്. ലോകത്തുള്ള തത്വങ്ങളെല്ലാം അവസാനമില്ലാത്ത അസന്തുഷ്ടതയിലേക്കാണ് നയിക്കുന്നത്. താൽക്കാലികമായ സുഖം നൽകുന്ന കാര്യങ്ങൾ നമ്മെ യഥാർത്ഥത്തിൽ സന്തോഷിപ്പിക്കുന്നതല്ല. നിലനിൽക്കുന്ന സന്തോഷം ഉണ്ട്താനും. നമുക്ക് കാണുവാൻ കഴിയുന്ന ഭാഗവും കാണുവാൻ കഴിയാത്ത ഭാഗവും ഉള്ളതാണ് നമ്മുടെ ജീവിതം. കാണപ്പെടാത്തതാണ് നിത്യം. കാണുന്നതെല്ലാം ഇല്ലാതാകുവാനുള്ളതാണ്.

മനുഷ്യർ തിരഞ്ഞെടുത്തിരിക്കുന്ന വിശാലമായ വഴി നാശത്തിലേക്കാണ് എന്നു ദൈവം അരുളിച്ചെയ്യുന്നു. വായിക്കുന്ന മിക്കപേരും ഒരുപക്ഷെ നിരാശയിലും സന്തോഷമില്ലായ്മയിലും ആയി

രിക്കാം. എന്നാൽ എന്തുകൊണ്ടാണ് അങ്ങനെ? സ്നേഹിതാ, ഈ പ്രധാനപ്പെട്ട വസ്തുത ഞാൻ നിങ്ങളോട് പറയട്ടെ:

പാപത്താൽ ജീവിതം നശിപ്പിക്കപ്പെട്ടിരിക്കുന്നു. സർവ്വശക്തനായ ദൈവം മനുഷ്യരെ ആരംഭത്തിൽ സൃഷ്ടിച്ചപ്പോൾ, തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യത്തോടുകുടെയാണ് ഭൂമിയിൽ ആക്കിയത്. തികവുള്ളവരായി മെനഞ്ഞ പുരുഷനും സ്ത്രീയും അനുസരണക്കേട് തിരഞ്ഞെടുത്തു. ദൈവേഷ്ടത്തിനു വിരുദ്ധമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നത് മനുഷ്യരുടെ ഒരു സ്വഭാവമായി മാറി. ആരംഭത്തിൽ മനുഷ്യരോടുകൂടെ ദൈവത്തിന്റെ സാന്നിധ്യമുണ്ടായിരുന്നു. പക്ഷെ മനുഷ്യൻ പാപം ചെയ്തപ്പോൾ, വിശുദ്ധനായ ദൈവത്തിനു പാപിയായ മനുഷ്യരോട് കൂട്ടായ്മ ആചരിക്കുവാൻ കഴിയാതെ വന്നു. അക്കാരണത്താൽ മനുഷ്യൻ തന്നെയാണ് ദൈവവുമായുള്ള കൂട്ടായ്മ നഷ്ടമാക്കിയത്. ദൈവ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനിൽ നിന്നു ദൈവം അകലുമ്പോൾ, സ്വാഭാവികമായും നിരാശയും ദുഃഖവുമുണ്ടാകും. ആരംഭം മുതൽ ഇന്നുവരെ മനുഷ്യജീവിതത്തിന് പറ്റിയ കുഴപ്പം അതാണ്.

ദൈവത്തെ കുടാതെ മനുഷ്യൻ അപൂർണ്ണനാണ്. കാരണം സൃഷ്ടികർത്താവാണ് സൃഷ്ടിയെ നിലനിർത്തുന്നത്. വാസ്തവത്തിലുള്ള തൃപ്തി ദൈവത്തിൽനിന്നാണ് വരുന്നത്. എന്നാൽ എന്താണ് പാപം? സകല അധർമ്മവും പാപമാണ്. ദൈവേഷ്ടത്തെ അനുസരിക്കാതിരിക്കുന്നതാണ് പാപം. ദൈവം ആവശ്യപ്പെടുന്ന രീതിയിൽ ജീവിക്കാതിരിക്കുന്നതാണ് പാപം. ദൈവത്തിനെതിരായി മൽസരിക്കുന്നതാണ് അടിസ്ഥാനപരമായി പാപം. പറയരുതാത്തത് പറയുന്നതും, പറയേണ്ടത് പറയാതിരിക്കുന്നതും, ചെയ്യേണ്ടത് ചെയ്യാതിരിക്കുകയും ചെയ്യരുതാത്തത് ചെയ്യുന്നതും പാപമായി ദൈവം കണക്കിടുന്നു. ചുരുക്കി പറഞ്ഞാൽ, ദൈവേഷ്ടത്തിനു വിരുദ്ധമായി, ചിന്തിക്കുന്നതും, ഉന്നം വെക്കുന്നതും, ആഗ്രഹിക്കുന്നതും, പ്രവർത്തിക്കുന്നതുമാണ് പാപം.

പാപം ചെയ്യാത്തവരായി ആരുമില്ല (റോമർ 3:23; 3:9). അങ്ങനെ ജീവിക്കുന്നേടത്തോളം നമുക്ക് സന്തോഷം അനുഭവിപ്പാൻ കഴിയുകയില്ല എന്നതാണ് വാസ്തവം. സ്ത്രീയായാലും പുരുഷനായാലും പാപം ചെയ്യുമ്പോൾ അവരിൽനിന്നു ദൈവ തേജസ് അപ്രത്യക്ഷ

മാകും. ദൈവം വിശുദ്ധിയുള്ള സ്ഥാനത്തു മാത്രമെ വസിക്കുകയുള്ളു എന്നത് പരമാർത്ഥമാണ്. ഇനി നിങ്ങളുടെ ചിന്തകളും, വാക്കുകളും, പ്രവൃത്തികളും, ഒന്നു പരിശോധിച്ചു നോക്കുക. മറ്റുള്ളവരുമായുള്ള നിങ്ങളുടെ ബന്ധം ജീവിതത്തിൽ എങ്ങനെയായിരുന്നു? കുറവുകളും കുറ്റങ്ങളും ഇല്ലാത്ത മനുഷ്യർ ആരുമില്ല എന്നു നിങ്ങൾക്ക് അറിയാമല്ലൊ. നമുക്ക് പാപം ഇല്ല എന്നു നാം പറയുന്നു എങ്കിൽ നാം നമ്മെത്തന്നെ വഞ്ചിക്കുന്നു, സത്യം നമ്മിൽ ഇല്ലാതെയായി.

നമ്മുടെ അകൃത്യങ്ങളത്രെ നമ്മെയും നമ്മുടെ ദൈവത്തെയും തമ്മിൽ അകറ്റിയത് (യെശയ്യാവ് 59:1, 2). ദൈവവും മനുഷ്യരും തമ്മിലുള്ള ബന്ധത്തെ പ്രതികുലമാക്കുന്ന ഘടകമാണ് പാപം. മരണത്തിനുള്ള കാരണം പാപമാണ്. കുടാതെ പാപം ചെയ്യുന്നവൻ പാപത്തിന് ദാസനായി തീരുന്നു. ദൈവം നീതിമാനും വിശുദ്ധനും ആകയാൽ അവൻ പാപത്തെ വെറുക്കുന്നു. പാപത്തിനു ശിക്ഷ ലഭിക്കാതിരിക്കുകയില്ല. കാരണം ദൈവത്തിന്റെ നിയമം അതാണ് വ്യക്തമാക്കുന്നത്. എന്നാൽ പാപത്തിനു പരിഹാരം കണ്ടില്ലെങ്കിൽ നിത്യമരണമായ രണ്ടാം മരണത്തിന് നാം ഇരയാകും. അത് എന്നേക്കുമുള്ള ശിക്ഷയായിരിക്കും. ഇവിടെ നമുക്ക് നഷ്ടമായ സന്തോഷം തിരികെ ലഭിക്കുവാൻ കർത്താവ് ഒരു വഴി ഒരുക്കിയിട്ടുണ്ട്. അത് നാം സ്വീകരിച്ചാൽ നാം നഷ്ടമാക്കിയത് കർത്താവ് നമുക്ക് തിരിച്ചു നൽകും. പക്ഷെ അതിന് അവന്റെ രക്ഷാനിബന്ധനകൾ നാം താഴ്മയോടെ അനുസരിക്കണം.

കാരണം മനുഷ്യർക്ക് സ്വയമായി പാപത്തിൽനിന്നു മുക്തി നേടുവാൻ കഴിയുകയില്ല. അതിന് നമുക്ക് ദൈവസഹായം ആവശ്യമാണ്. നമ്മുടെ നിത്യമരണം ഒഴിവാക്കുവാൻ കർത്താവ് സ്വയമായി മരണം ഏറ്റെടുത്തു. അവൻ ജഡത്തെ മരിപ്പിച്ചതു നിമിത്തം പാപത്തിന്റെ അടിമത്വത്തിലായിരുന്ന ജഡത്തെ നമുക്ക് ക്രൂശിക്കുവാൻ കഴിയുന്നു. ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ വന്നു എന്നതു തന്നെ ലോകത്തിന് വലിയ സന്തോഷകരമായ വാർത്തയാണ്. സുവിശേഷം എന്ന് രക്ഷാമാർഗത്തെ വിളിക്കുവാൻ കാരണം തന്നെ അത് പാപമോചനമാർഗം ആയതിനാലാണ്. പാപം എന്തെന്ന് അറിയാത്ത യേശുവിനെ ദൈവം നമുക്ക് വേണ്ടി പാപം ആക്കി. അവന്റെ അടി

പ്പിണരാൽ നമുക്ക് ആത്മിക സൗഖ്യം വരുത്തുന്നു. നാം പാപികളായിരുന്നപ്പോൾ തന്നെ ക്രിസ്തു നമുക്ക് വേണ്ടി മരിച്ചു എന്നത് സുപ്രധാനമായ കാര്യമാണ്. മറ്റാർക്കും കഴിയാതിരുന്ന വലിയ ത്യാഗമാണ് യേശു സ്വയം നിർവ്വഹിച്ചത്. അത് ദൈവസന്നിധിയിൽ പ്രസാദകരമായി തീർന്നു. ദൈവപുത്രനായി വന്ന യേശു ജഡത്തിൽ പാപരഹിതമായി ജീവിച്ചു, അവസാനം മരണത്തെ മരണത്താൽ നീക്കി (എബ്രായർ 2:14-17). ജീവന്റെ ഉറവിടം ക്രിസ്തു ആണ്.

നമ്മെ ഇന്നു ജീവിപ്പിക്കുന്നത് ജീവന്റെ വചനമാണ്. നമ്മെ ശുദ്ധീകരിപ്പാൻ കഴിവുള്ള സത്യത്തെ നാം ഒരിക്കലും അവഗണിക്കരുത്. ഉയർത്തെഴുന്നേറ്റ ക്രിസ്തു കർത്താവാണ്. സർവ്വമനുഷ്യർക്കും പുനരുത്ഥാനം നൽകുവാൻ കഴിവുള്ളവനാണ് യേശു. "ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു" എന്ന് അരുളിച്ചെയ്ത കർത്താവ് മനുഷ്യവർഗത്തിനു മുഴുവനുമായുള്ള ഏക പ്രത്യാശയാണ്. രക്ഷ അവനിൽ മാത്രമാണുള്ളത് (പ്രവൃത്തികൾ 4:12). നിങ്ങൾ പാപിയായതിനാൽ നിങ്ങൾക്ക് ഒരു രക്ഷകന്റെ ആവശ്യമുണ്ട്. കാരണം ഒരു മനുഷ്യനും സ്വയമായി രക്ഷിക്കപ്പെടുവാൻ സാധ്യമല്ല. സൽപ്രവൃത്തികൾ നല്ലതാണ്. പക്ഷെ ആ പ്രവൃത്തികളൊന്നും രക്ഷക്ക് പകരമാവില്ല. അതുകൊണ്ടാണ് യേശു ക്രൂശിൽ ദാരുണമായി മരിക്കേണ്ടി വന്നത്. നിങ്ങൾക്ക് ബോധ്യമുള്ളതും ബോധ്യപ്പെടാത്തതുമായ പാപങ്ങളെ വിട്ട് തിരിയണം. അതാണ് മാനസാന്തരപ്പെടുവാൻ കൽപിച്ചിരിക്കുന്നത്. കർത്താവ് പറഞ്ഞത് മാനസാന്തരപ്പെടാത്തവർ അങ്ങനെ തന്നെ നശിച്ചു പോകും എന്നാണ് (ലൂക്കൊസ് 13:3).

പാപങ്ങളിൽനിന്നുള്ള മോചനത്തിനായി കർത്താവ് കൽപിച്ചിരിക്കുന്നത് ക്രിസ്തുവിനോട് ചേരുവാനുള്ള സ്നാനമാണ്. അവന്റെ മരണത്തിലും അടക്കത്തിലും ഉയർപ്പിലും പങ്കാളിയാകുവാനാണ് ആ കൽപന. ആ നിബന്ധനകൾ അനുസരിക്കുമ്പോഴാണ് കർത്താവ് സകല മനുഷ്യരേയും രക്ഷിക്കുന്നത്. അങ്ങനെ അവനോടും അവന്റെ വചനത്തോടും വിശ്വസ്തത പുലർത്തി അവസാന നിമിഷം വരെ ജീവിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. ലോകാരംഭം മുതൽ ദൈവം മനുഷ്യർക്കായി ഒരുക്കിയ പദ്ധതി ഇതാണ്.

✶

# ദൈവം എവിടെ വെള്ളത്തെ വെച്ചു

## റോയ് ജെ. ഹേൺ

ക്രിസ്തുവിന്റെ അനുയായികളെന്ന് അഭിമാനിക്കുന്ന സകല മനുഷ്യരും ക്രിസ്തുവിന്റെ കൽപനകളിൽ ഒന്നുപോലും വിടാതെ എല്ലാം അനുസരിക്കുവാൻ കടപ്പെട്ടിരിക്കുന്നു. കാരണം അവന്നു മാത്രമാണ് സകല അധികാരവും ഉള്ളത്. അവന്റെ വചനത്തെ തള്ളിക്കളയുന്നത് അവനെ തള്ളിക്കളയുന്നതിനു തുല്യമാണ് (യോഹ. 12:48). പലപ്പോഴും നാം ദൈവത്തെ പ്രസാദിപ്പിക്കുന്നതിനു പകരം നമ്മെ പ്രസാദിപ്പിക്കുവാനാണ് ശ്രമിക്കുന്നത്. ദൈവത്തിന്റെ വചനത്തിനോ, തന്റെ രക്ഷാ പദ്ധതിക്കോ അവൻ മാറ്റം വരുത്തുന്നില്ല. കാരണം അവന്റെ ഉപദേശം അന്ത്യകാലത്തെ മനുഷ്യർക്കുള്ളതാണ്. വചനത്തിൽനിന്നു എന്തെങ്കിലും എടുത്തുമാറ്റുവാനോ, കൂട്ടിച്ചേർക്കുവാനോ ശ്രമിക്കരുത്. അങ്ങനെ ചെയ്താൽ ശിക്ഷിക്കപ്പെടും എന്ന് ദൈവം മുന്നറിയിച്ചിട്ടുണ്ട്. എന്നാൽ കർത്താവിന്റെ മുന്നറിയിപ്പുകളെ അവഗണിച്ച് ദുരുപദേഷ്ടാക്കന്മാർ പിശാചിന്റെ തന്ത്രത്തിൽ കുടുങ്ങി സാത്താന്റെ ആയുധങ്ങളായി പ്രവർത്തിക്കുകയാണ്.

ദൈവത്തിന്റെ രക്ഷാപദ്ധതിയിൽ ദൈവം വെച്ചിരിക്കുന്ന വെള്ളത്തെ ആളുകൾ പല വിധത്തിലും ഭാവത്തിലുമാണ് അവതരിപ്പിക്കുന്നത്. ഒന്നാമതായി ദൈവവാഗ്ദാനത്തിൽ നാം വിശ്വസിക്കണം. രണ്ടാമതായി ദൈവ കൽപന നാം അങ്ങനെ തന്നെ അനുസരിക്കണം. വെള്ളം വളരെ പ്രാധാന്യമുള്ളതാണെന്ന് സാത്താന് നല്ലതുപോലെ അറിയാം. ദൈവകൽപനയുടെ സത്തയും പിശാചിനു ബോധ്യമുണ്ട്. എല്ലാ വിധ ശുദ്ധീകരണത്തിലും ജലം മുഖ്യ ഘടകമാണെന്ന് ബൈബിൾ വായിച്ചിട്ടുള്ളവർക്ക് അറിയാം. വെള്ളമില്ലെങ്കിൽ നമ്മുടെ ഭൗതിക ജീവിതം തന്നെ അസാധ്യമാണ്. വെള്ളം കൂടാതെ രക്ഷ അപൂർണ്ണമാ ന പുതിയ നിയമം നമ്മെ പഠിപ്പിക്കുന്നു. ദൈവം വാഗ്ദാനം ചെ ്ത അനുഗ്രഹങ്ങൾ പ്രാപിക്കുന്നത് വെള്ളം കടന്ന ശേഷമാണ്. പഴയനിയമകാലത്ത് ചെങ്കടൽകടന്ന ശേഷമാണ് അവർക്ക് വാഗ്ദത്ത ദേശത്ത് പ്രവേശിക്കുവാൻ കഴിഞ്ഞത്. നയമാന്റെ കുഷ്ഠം മാറിയത് യോർദ്ദാൻ നദിയിൽ മുങ്ങിയപ്പോഴാണ്.

നോഹക്കും ശുദ്ധീകരിക്കപ്പെട്ട ജനത്തിനും ഇടക്ക് വെള്ളമു

ണ്ടായിരുന്നു എന്ന കാര്യം സ്മരിക്കുമല്ലൊ. ബാല്യം മുതൽ മനുഷ്യന്റെ മനോനിരൂപണങ്ങളെല്ലാം ദോഷമുള്ളതെന്ന് യഹോവ കണ്ടു. കാരണം പാപമായിരുന്നു. ആ തലമുറയെ വെള്ളത്തിൽ നശിപ്പിച്ചപ്പോൾ, നോഹയെയും കുടംബത്തെയും വെള്ളത്താൽ ശുദ്ധീകരിച്ചതായും നാം മനസിലാക്കുന്നു. നോഹ ദൈവം പറഞ്ഞതുപോലെ പെട്ടകം ഉണ്ടാക്കാതെയും അതിൽ കയറാതെയും ഇരുന്നു എങ്കിൽ അവനും കുടുംബവും ആ തലമുറയിലെ മറ്റു ജനങ്ങളോടൊപ്പം നശിച്ചുപോകുമായിരുന്നു. ദൈവത്തെ അനുസരിച്ചതുകൊണ്ട് അവനെയും കുടുംബത്തെയും വെള്ളത്തിനു മുകളിൽ ഉയർത്തി നിർത്തി. ഇപ്പോൾ, ക്രിസ്തുവിനോടു ചേരുവാൻ വെള്ളം കർത്താവ് വെച്ചിരിക്കുന്നു. ദൈവപ്രസാദമായ യാഗം അർപ്പിച്ച കർത്താവിന്റെ പാപമോചനത്തിനുള്ള കൽപനയിൽ വെള്ളം ഉൾപ്പെടുത്തി, ക്രിസ്തുവിന്റെ രക്തത്താലും വചനത്താലും പാപികളെ ദൈവം ശുദ്ധീകരിക്കുന്നു.

നിർമ്മലമനസാക്ഷിക്കായുള്ള അപേക്ഷയായ സ്നാനം ആത്മാവിന്റെ രക്ഷക്കായുള്ളതാണ് (1 പത്രൊസ് 3:21). ആളുകൾ അതിനെ എതിർത്ത് വെള്ളത്തിൽ മുങ്ങിയാൽ രക്ഷ കിട്ടുമോ എന്നു ചോദിക്കാറുണ്ട്. പക്ഷെ അവർ ദൈവത്തോടാണ് ചോദിക്കുന്നത് എന്ന് മനസിലാക്കുന്നില്ല. ലോകത്തിൽ പാപത്തിനടിമപ്പെട്ട് ജീവിക്കുന്നവരെ ക്രിസ്തുവിനോട് ബന്ധിപ്പിക്കുവാൻ ദൈവം നിശ്ചയിച്ച നിയമത്തെ ആളുകളിൽ സംശയിക്കത്തക്ക തോന്നലുണ്ടാക്കുന്നത് പിശാചാണ്. കർത്താവ് ഈ ഭൂമിയിലായിരുന്നപ്പോൾ സ്പഷ്ടമാക്കിയ കാര്യം വിശ്വസിക്കുകയും സ്നാനം ഏൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും എന്നാണ്. വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊസ് 16:16). ക്രിസ്തുവാണ് അധികാരമുള്ള രാജാവ്. ആ രാജാവിന്റെ പ്രജകളായി ജീവിക്കുവാൻ ആഗ്രഹിക്കുന്നവർ തീർച്ചയായും അവനെ അനുസരിക്കും. അഴുക്ക് കഴുകി കളയുന്നത് എല്ലാവരും ഇഷ്ടപ്പെടുന്ന കാര്യമാണ്. ദൈവത്തിന് ഇഷ്ടം പാപം നമ്മിൽനിന്നു നീങ്ങി പോകണമെന്നാണ്. കാരണം അത് നമ്മുടെ ദൈവവുമായുള്ള ബന്ധം വഷളാക്കും. ശുദ്ധീകരണം കൂടാതെ ആർക്കും ദൈവത്തെ കാണുവാൻ സാധ്യമല്ല.

മിസ്രയിം അടിമത്വത്തിൽനിന്നു യിസ്രായേലിനെ ദൈവം വെള്ള

ത്തിൽ കൂടെ നടത്തിക്കൊണ്ടു പോകുന്നതിനു പകരം ഉണങ്ങിയ നിലത്തുകൂടെ കടത്തിക്കൊണ്ടുപോയപ്പോൾ അവർക്കു ചുറ്റും വെള്ളമുണ്ടായിരുന്നു (1 കൊരിന്ത്യർ 10. 1, 2). അത് വരുവാനിരുന്ന സ്നാനം എന്ന കൽപനയുടെ മുൻ നിഴലായിരുന്നു. സ്നാനം നമ്മെ ക്രിസ്തുവിനോട് ചേർക്കുകയും രക്ഷിക്കുകയും ചെയ്യുന്നു (റോമർ 6:3, 4; എഫെസ്യർ 1:7). പഴയനിയമകാലത്ത് ജീവിച്ചിരുന്ന നയമാന്റെ കുഷ്ഠം മാറുവാൻ അവനോട് യോർദ്ദാൻ നദിയിൽ പോയി മുങ്ങുവാനാണ് പ്രവാചകൻ പറഞ്ഞത്. ആദ്യം അവന് അതിനോട് ശരിയായി പ്രതികരിക്കുവാൻ കഴിഞ്ഞില്ല. മാനുഷികമായ ന്യായീകരണമായിരുന്നു അതിനു കാരണം. പക്ഷെ പിന്നീട് കാര്യകാരണസഹിതം അവനെ സത്യം ബോധ്യമാക്കിയപ്പോൾ, അവൻ പോയി പ്രവാചകൻ പറഞ്ഞതുപോലെ ചെയ്തപ്പോൾ അവന്റെ കുഷ്ഠം മാറി, അവന്റെ ശരീരം ശുദ്ധമായി തീർന്നു. ആത്മാവിന്റെ ശുദ്ധീകരണം ലഭിക്കുന്നത് നാം ക്രിസ്തുവിന്റെ വചനത്തിലെ കൽപനകൾ അങ്ങനെ തന്നെ അനുസരിക്കുമ്പോഴാണ് എന്ന കാര്യത്തിൽ സംശയമില്ല എന്നോർക്കുക.

ശുദ്ധമാക്കുന്നതും പാപം മോചിക്കുന്നതും കർത്താവാണ് (മർക്കൊസ് 2:10). നമ്മെ സംബന്ധിച്ച് അവൻ പറഞ്ഞിരിക്കുന്നതു വിശ്വസിക്കുകയും അനുസരിക്കുകയും വേണം. ദൈവം എല്ലാ കാര്യത്തിലും വിശ്വസ്തനും വാക്ക് പാലിക്കുന്നവനുമാണ്. തിരുവെഴുത്ത് ദൈവശ്വാസിയമാകയാൽ അവിശ്വസിക്കേണ്ട കാര്യമില്ല. പലരും ചിന്തിക്കുന്നത് ഇത് മനുഷ്യരാൽ എഴുതപ്പെട്ടതുകൊണ്ട് ഇതു മാത്രം പോരാ എന്നാണ്. വേറെ ചിലർ വിചാരിക്കുന്നത് എങ്ങനെയെങ്കിലും ദൈവത്തെ അനുസരിച്ചാൽ മതി എന്നാണ്. പക്ഷെ നാം വിചാരിക്കുന്നതുപോലെയല്ല ദൈവം വിചാരിക്കുന്നത്. നമുക്ക് ഏറ്റവും ഉചിതമായത് ദൈവത്തിനു മാത്രമെ അറിയാവു. ആകയാൽ നാം അവന്റെ വഴിയാണ് സ്വീകരിക്കേണ്ടത്.

പിറവിയിലേ കുരുടനായിരുന്ന ഒരാളുടെ കണ്ണിനു ശിലോഹാം കുളത്തിലെ വെള്ളത്താൽ കഴുകി അവനു യേശു കാഴ്ച്ച പ്രദാനം ചെയ്തു. കർത്താവ് എന്തിനാണ് വെള്ളം ഉപയോഗിച്ചത് എന്നു നാം സംശയിക്കരുത്. അനുസരിച്ചവന് അതിന്റെ ഫലം ലഭിച്ചു. (ശേഷം പേജ് 29 നോക്കുക).

*Watch!*

# SATHYANADAM

## TV PROGRAME

**TRUE GOSPEL MESSAGE**

**Speaker:**

**Bro.P.K. VARGHESE**

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ സ്വർഗരാജ്യ ത്തിൽ പ്രവേശിക്കയില്ല എന്ന് അസന്നിഗ്ധമായി പ്രസ്താവിച്ചത് രാജാധിരാജാവും കർത്താധികാർത്താവുമായ ക്രിസ്തുവത്രെ (യോ ഹന്നാൻ 3:3-5). എല്ലാ കാര്യത്തിലും യേശു നമ്മുടെ മാതൃകയാണ ല്ലോ. അവൻ സ്നാനം ഏറ്റത് സകല നീതിയും നിറവേറ്റേണ്ടതിനാ യിരുന്നു. യേശുവിൽ പാപം ഇല്ലായിരുന്നു. അതുകൊണ്ട് ശുദ്ധീക രണത്തിന്റെ ആവശ്യമില്ലായിരുന്നു. പക്ഷെ ദൈവത്താലുള്ള നീതീ കരണം ആവശ്യമായിരുന്നു. അങ്ങനെ വെള്ളം ദൈവത്താലുള്ള നീതീകരണത്തിനുകൂടെയുള്ളതാണെന്ന് നമുക്ക് ഉറപ്പിക്കാം (1 പത്രൊസ് 2:21; മത്തായി 3:14). ദൈവകൽപനകളെല്ലാം അനുസരി ക്കുമ്പോഴാണ് നാം ദൈവത്താൽ നീതീകരിക്കപ്പെടുന്നത്. പാപിയെ നീതീകരിക്കുവാൻ ദൈവം നൽകിയിരിക്കുന്ന നീതീകരണ പദ്ധതി യിൽ നാം അംഗമാകുവാൻ ദൈവം ആഗ്രഹിക്കുന്നു. അതിനാൽ സ്നാനത്തെ ഒരിക്കലും ഒഴിവാക്കാവുന്നതല്ല.

പാപമോചനത്തിനും പാപിക്കുമിടയിലാണ് ദൈവം വെള്ളത്തെ വെച്ചിരിക്കുന്നത് (പ്രവൃത്തികൾ 2:38). എന്നാൽ ഒരാൾ മാനസാ ന്തരം കൂടാതെ സ്നാനപ്പെട്ടാൽ രക്ഷിക്കപ്പെടുമോ? ഇല്ല. കാരണം ഈ വേദഭാഗത്ത് സ്നാനത്തിനു തുല്യമായിട്ടാണ് മാനസാന്തരവും പറഞ്ഞിരിക്കുന്നത്, അല്ലെങ്കിൽ സ്നാനത്തിനു മുൻപ് മാനസാന്തര പ്പെട്ടിരിക്കണം എന്നതാണ് സൂചന. ഒരാൾ വെള്ളത്തിൽ സ്നാനം ഏറ്റു കഴിയുമ്പോഴാണ് അയാൾ ക്രിസ്തുവിലാകുന്നതും ക്രിസ്തു വിനെ ധരിക്കുന്നതും (ഗലാത്യർ 3:27). ക്രിസ്തു മരിച്ചപ്പോൾ ജലവും രക്തവും പുറത്തു വന്നു. അതു ഒരു സത്യത്തെ വെളിപ്പെടുത്തു ന്നു. വെള്ളവും രക്തവും ശുദ്ധീകരണ മൂലകങ്ങളാണ്. സ്നാന ത്തിന്റെ പ്രാധാന്യത്തെ കുറച്ചുകാണുന്നവർ പ്രത്യേകം ശ്രദ്ധിക്ക ണം. സ്നാനം മുഖാന്തരമാണ് ദൈവം പാപം മോചിച്ചുകൊടുക്കു ന്നത്. പാപിക്കും രക്ഷക്കുമിടക്ക് ദൈവം വെള്ളം വെച്ചിരിക്കുന്ന തിനെ ആരും കാണാതെ പോകരുത്. നമ്മുടെ ഏക രക്ഷകനും വീണ്ടെടുപ്പുകാരനും ക്രിസ്തുവാണ്. ദൈവത്തിന്റെ ജ്ഞാനത്തെ നാം ഒരിക്കലും വില കുറച്ചു കാണരുത്. പുതിയനിയമത്തിൽ കർത്താവ് കൽപിച്ചിരിക്കുന്ന കൽപനകളെല്ലാം അനുസരിക്കുക.

കേൾക്കുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു.

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!